മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*361)

## മുതലപ്പൊഴി അഴിമുഖത്തുണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം

1 (*361) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എം. വിൻസെന്റ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയ പ്രകാരം

(ശ്രീ. സി. ആർ. മഹേഷ്): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി അഴിമുഖത്ത് മത്സ്യബന്ധനവള്ളം മറിഞ്ഞ് അഞ്ചുതെങ്ങ് സ്വദേശി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം അഴിമുഖത്തുണ്ടാകുന്ന ശക്തമായ തിരയിൽപ്പെട്ട് വള്ളം തലകീഴായി മറിയുന്ന സാഹചര്യമുണ്ടാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) ഗൗരവത്തോടെ കാണുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹാർബറിൽ അപായങ്ങൾ ഒഴിവാക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, മത്സ്യബന്ധന വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, വർക്കല നിയോജക മണ്ഡലം എം.എൽ.എ എന്നിവരുടെ സാന്നിധ്യത്തിൽ 31-07-2023-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും ഇതേ വരെയായി സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.

03-01-2024, 20-01-2024, 01-04-2024 എന്നീ തീയതികളിൽ ഫിഷറീസ് സെക്രട്ടറിതലത്തിൽ കൂടിയ യോഗങ്ങളിൽ അദാനി മുഖേന നടന്നുവരുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിയുടെ പുരോഗതി വളരെ കുറവാണെന്ന് വിലയിരുത്തുകയും മീറ്റിംഗിലെ തീരുമാനപ്രകാരം അദാനിയുമായുള്ള

ധാരണാപത്ര കാലാവധി 11-06-2024-വരെ ദീർഘിപ്പിച്ചിരുന്നു. 02-05-2024-ന് ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയുടെയും തുറമുഖ വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ യോഗം ചേർന്ന് അടിയന്തര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 22-10-2022-ലെ സ.ഉ.(സാധാ)നം. 660/2022/മതുവ. പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ചുമതലപ്പെടുത്തുകയും തുടർന്ന് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഉദ്യോഗസ്ഥർ നേരിട്ട് ഡാറ്റാ കളക്ഷൻ നടത്തി മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള പ്രദേശവാസികളുമായി ചർച്ച നടത്തി മാതൃകാപഠനം പൂർത്തിയാക്കി റിപ്പോർട്ട് 2024 ഫെബ്രുവരി മാസം സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം തെക്ക് ഭാഗത്തുനിന്നും അഴിമുഖത്തേയ്ക്ക് മണ്ണ് അടിഞ്ഞ് കൂടുന്നത് തടയുന്നതിനുവേണ്ടി തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിച്ച്

അഴിമുഖം വടക്ക് ഭാഗത്തേയ്ക്ക് മാറ്റുന്ന വിധത്തിലാണ് പുലിമുട്ടിന്റെ രൂപകൽപ്പന നൽകിയിട്ടുള്ളത്.

പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള 164 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിലെ സാങ്കേതിക സമിതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം "Smart & Green Harbour" ആയി മാറ്റുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ അതിന്റെ മാനദണ്ഡപ്രകാരമുള്ള ഘടകങ്ങൾകൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ 03-06-2024-ൽ Central Institute of Coastal Engineering for Fishery (CICEF)-യിൽവച്ച് നടന്ന മീറ്റിംഗിൽ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള

പ്രവൃത്തികൾ ടെൻഡർ ചെയ്ത് ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിച്ച് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

2024 ഫെബ്രുവരി മാസം സമർപ്പിച്ച അന്തിമ മാതൃകാപഠന റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതുവരെ അഴിമുഖത്തും ചാനലിലും അടിഞ്ഞുകൂടുന്ന മണ്ണ് നീക്കം ചെയ്യേണ്ടതുണ്ട്. ഇതിനായി അദാനി പോർട്ട്സുമായുള്ള കരാറിന്റെ കാലാവധിക്കുശേഷവും മണ്ണ് നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയുടെ ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

05-06-2024-ൽ വിവിധ മത്സ്യത്തൊഴിലാളി യൂണിയൻ നേതാക്കളുടെയും സംസ്ഥാന നേതാക്കളുടെയും മത്സ്യത്തൊഴിലാളി പ്രതിനിധികളുടെയും ബഹുമാനപ്പെട്ട എം.എൽ.എ-യുടെയും ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ മന്ത്രിതലയോഗം വിളിച്ചു ചേർക്കുകയും മുതലപ്പൊഴിയിൽ ഇനി ഒരപകടമുണ്ടായി ഒരു മത്സ്യത്തൊഴിലാളിപോലും മരിക്കാതിരിക്കാൻ രണ്ട് മാസത്തേയ്ക്ക് ഹാർബർ അടച്ചിടുവാനുള്ള നിർദ്ദേശം

അവതരിപ്പിക്കുകയുമുണ്ടായി. ഹാർബർ രണ്ടു മാസം പൂർണ്ണമായും അടച്ചിടുന്നതിനോട് മത്സ്യമേഖലയിലെയും സമുദായ സംഘടനകളുടെയും പ്രതിനിധികൾ എതിർപ്പ് പ്രകടിപ്പിച്ചു. മത്സ്യത്തൊഴിലാളികളും സംഘടനാ പ്രതിനിധികളും നിർദ്ദേശിച്ച പ്രകാരം കടലറിവുള്ളവരും മത്സ്യത്തൊഴിലിൽ നേരിട്ട് ഏർപ്പെട്ടവരെയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കുവാനും സമിതി ഓരോ ദിവസത്തേയും കാലാവസ്ഥ വിലയിരുത്തി കടൽ പ്രക്ഷുബ്ദമാകുന്ന വേളയിൽ മത്സ്യബന്ധനത്തിന് പോകുന്നത് തടയാനും ധാരണയായിട്ടുണ്ട്. കൂടാതെ രണ്ട് ഹൈമാസ്റ്റ് ലൈറ്റുകൾ കൂടി രണ്ടാഴ്ചയ്ക്കുള്ളിൽ ഹാർബറിൽ സ്ഥാപിക്കുവാനും ആംബുലൻസ് സൗകര്യം ഉറപ്പാക്കുവാനും തീരുമാനമെടുത്തു. ഇതുകൂടാതെ എം.എൽ.എ. ഫണ്ടുപയോഗിച്ച് ആധുനിക സൗകര്യമുള്ള ആംബുലൻസ് സ്ഥിരമായി മുതലപ്പൊഴിയിലേക്ക് വാങ്ങിക്കുന്നതിനും ധാരണയായി.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, 73 ആളുകൾക്ക് ജീവഹാനി സംഭവിച്ച അതീവ ഗുരുതരമായ സ്ഥിതിവിശേഷമാണ് മുതലപ്പൊഴിയിൽ സംജാതമായിരിക്കുന്നത്. മരണത്തെ മുഖാമുഖം കണ്ടാണ് പാവപ്പെട്ട

മത്സ്യത്തൊഴിലാളികൾ ജോലി ചെയ്യുന്നത്. പൂനെ ആസ്ഥാനമായിട്ടുള്ള സി.ഡബ്ല്യു.പി.ആർ.എസ്. എന്ന സ്ഥാപനം മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണം സംബന്ധിച്ച് പഠനം നടത്തി ഡി.പി.ആർ. സമർപ്പിച്ചുവെന്നും 164 കോടി രൂപയുടെ ഈ പദ്ധതി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചുവെന്നും മന്ത്രി നിയമസഭയിൽ ഉത്തരം നൽകി. പക്ഷേ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും ഇങ്ങനെയൊരു ഡി.പി.ആർ. ലഭിച്ചിട്ടില്ലായെന്നാണ് വാർത്ത. ഡി.പി.ആർ. സമർപ്പിച്ചുവെങ്കിൽ എന്നാണ് ഇത് കേന്ദ്രത്തിന് സമർപ്പിച്ചതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആദ്യത്തെ ഉത്തരത്തിൽതന്നെ തത്വത്തിൽ അംഗീകരിച്ചതിന്റെയും അതിന്റെ തീയതിയും സഹിതം ഇവിടെ വിശദീകരിച്ചിരുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മുതലപ്പൊഴിയുമായി ബന്ധപ്പെട്ട് അദാനി കമ്പനിയുമായി 2018-ൽ സർക്കാർ കരാറിലേർപ്പെട്ടിരുന്നു. പ്രസ്തുത കരാർ 11-06-2024-ൽ അവസാനിച്ചുവെന്നാണ് സർക്കാർ നിയമസഭയിൽ

നൽകിയ ഉത്തരത്തിൽ പറയുന്നത്. ഈ കരാർ പ്രകാരം ഡ്രഡ്ജിംഗ് പ്രവൃത്തി അദാനിക്ക് പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തതിന് അദാനി കമ്പനിക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ:</u> സർ, 11-06-2024-ൽ കരാർ തീർന്നുവെന്നുള്ളത് ശരിയാണ്. അതിനുള്ളിൽത്തന്നെ ഞങ്ങൾ രണ്ട് വകുപ്പുമന്ത്രിമാർ ചേർന്ന് അദാനി കമ്പനിയുടെ പ്രതിനിധികളുമായി ചർച്ചചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി സമയം ദീർഘിപ്പിച്ച് കൊടുത്തിട്ടുണ്ട്. അവർ ആ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, സി.ഡബ്ല്യു.പി.ആർ.എസ്.-ന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ 164 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതുവരെയും പൂർണ്ണമായ അംഗീകാരത്തിലേയ്ക്ക് എത്തിയിട്ടില്ല. ഇനി അതിന് അംഗീകാരം ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തിയാക്കി പണി പൂർത്തീകരിക്കുമ്പോൾ എന്തായാലും വർഷങ്ങളെടുക്കും. ഇതിനിടയ്ക്ക് ഇവിടുത്തെ

അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി താൽക്കാലികമായ എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നത്?

ശ്രീ. വി. എൻ. വാസവൻ: താൽക്കാലികമായി അവിടെയൊരു സമിതി രൂപീകരിച്ച് ഒബ്സർവേഷനുവേണ്ടിയുള്ള സംവിധാനമൊരുക്കുകയും പ്രത്യേകമായി സുരക്ഷാ ഭടന്മാരെ നിയോഗിക്കുകയും അവർക്ക് ലൈഫ് ജാക്കറ്റ് നൽകുകയും പ്രത്യേകമായ അപകട സമയത്ത് പോകാതിരിക്കാനുള്ള പൊതുതീരുമാനം മത്സ്യത്തൊഴിലാളികളും അവിടുത്തെ ജനപ്രതിനിധിയുമെല്ലാം ചേർന്ന് എടുക്കുകയും ചെയ്തിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക, ആംബുലൻസ് സർവ്വീസ് ഉറപ്പാക്കുക തുടങ്ങിയ എല്ലാ പശ്ചാത്തല സൗകര്യവും അവിടെ ഒരുക്കിയിട്ടുണ്ട് എന്ന കാര്യവും അറിയിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, തൊഴിലുകളിൽ ഏറ്റവും സാഹസികമായ തൊഴിലാണ് മത്സ്യബന്ധനം. മത്സ്യബന്ധനത്തിന് പോകുന്ന, ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് അപകടങ്ങൾ സംഭവിക്കുമ്പോൾ സർക്കാർ ധനസഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ

നൽകാമോ; മത്സ്യബന്ധനത്തിന് പോകുന്ന ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിക്കുമ്പോൾ അവരുടെ കുടുംബങ്ങൾക്ക് സർക്കാർ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത, മത്സ്യബന്ധനത്തിനുപോയി മരണപ്പെട്ട തൊഴിലാളികളിൽ ഏറ്റവും അവസാനത്തേത്, 05-09-2022-ൽ മരണപ്പെട്ട കഹാറിന്റെ മക്കളായ ഉസ്മാനും മുസ്തഫയുമാണ്. ഇവർക്ക് സിം.എം.ഡി.ആർ.എഫ്.-ൽനിന്ന് രണ്ടുലക്ഷം രൂപ വീതം നൽകിയിരുന്നു. അതോടൊപ്പം മറ്റ് സഹായങ്ങൾ നൽകുന്നതിനെ സംബന്ധിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമായി ആലോചിക്കുന്നുണ്ട്.

ശ്രീമതി ഒ. എസ്. അംബിക: സർ, മുതലപ്പൊഴിയിൽ സ്ഥിരമായി ആംബുലൻസ് സംവിധാനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, സ്ഥലം എം.എൽ.എയുടെ എം.എൽ.എ. ഫണ്ടിൽനിന്നുതന്നെ ഏറ്റവും ആധുനിക സംവിധാനത്തോടുകൂടി ഒരു ആംബുലൻസ് സർവ്വീസ് ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, മുതലപ്പൊഴി എപ്പോഴും ഒരു ചർച്ചയായി വരികയാണ്. ഇവിടെ നേരത്തെ പറഞ്ഞതുപോലെ, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിർബന്ധമായി മത്സ്യത്തൊഴിലാളികളെ അംഗമാക്കിയാൽ മാത്രമേ എന്തെങ്കിലും അപകടം പറ്റിയാൽ 10 ലക്ഷം രൂപ വരെയുള്ള സഹായം കൊടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോഴത്തെ നിലയിൽ സി.എം.ഡി.ആർ.എഫ്. വഴി ഒരു ചെറിയ സഹായമാണ് നൽകുന്നത്. അത് ഏതെങ്കിലും രൂപത്തിൽ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്തവർക്കെല്ലാം സി.എം.ഡി.ആർ.എഫ്.-ൽനിന്നുമുള്ള സഹായമാണ് കൊടുത്തിട്ടുള്ളത്. അങ്ങ് സൂചിപ്പിച്ച കാര്യം ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

**തീരസംരക്ഷണം**

(*362) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. കുറുക്കോളി മൊയ്തീൻ):
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരപ്രദേശത്തിന്റെ അറുപത്തിമൂന്ന് ശതമാനവും കടലാക്രമണ ഭീഷണി നേരിടുന്നതായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കടലാക്രമണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) തീരശോഷണത്തിന് ആനുപാതികമായി തീരത്തിന്റെ പുന:സ്ഥാപനം നടത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ തീരസംരക്ഷണത്തിന് പ്രായോഗികവും സുസ്ഥിരവുമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) അടിക്കടി ഉണ്ടാകുന്ന ചുഴലിക്കാറ്റ്, കാലാവസ്ഥാ വ്യതിയാനങ്ങൾ, ആഗോള താപനിലയിലെ വർദ്ധനവ് മൂലമുണ്ടാകുന്ന സമുദ്രനിരപ്പിന്റെ ഉയർച്ച, കള്ളക്കടൽ പ്രതിഭാസം എന്നിവ കേരളത്തിലെ കടൽത്തീരങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇത് തീരദേശ ആവാസ വ്യവസ്ഥയ്ക്കും തീരപ്രദേശത്തുള്ള ആളുകൾക്കും ഗുരുതരമായ ഭീഷണി ഉയർത്തുന്നു. 1990 മുതൽ 2016 വരെ ഭാരത തീരത്തിന്റെ മാറ്റങ്ങളെക്കുറിച്ച് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) നടത്തിയ വിലയിരുത്തൽ പ്രകാരം, കേരളത്തിലെ തീരത്തിന്റെ ഏകദേശം 45% കടലാക്രമണ ഭീഷണി നേരിടുന്നവയാണ്.

(ബി) കടലാക്രമണം തടയുന്നതിനായി കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തികളും പുലിമുട്ടും നിർമ്മിച്ച് തീരം സംരക്ഷിക്കുന്ന മാർഗ്ഗമാണ് കേരളത്തിൽ കാലങ്ങളായി പിന്തുടർന്നിരുന്നത്. കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി അറബിക്കടലിൽ രൂപം കൊള്ളുന്ന കൂടുതൽ ശക്തമായ ചുഴലിക്കാറ്റുകളും വർദ്ധിക്കുന്ന കടൽനിരപ്പും തുടർന്നുണ്ടാകുന്ന

കടൽക്ഷോഭത്തിന് 40-60 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കടൽഭിത്തികൾ നൽകുന്ന സംരക്ഷണം വളരെ കുറവാണ്. കൂടാതെ ടി കടൽഭിത്തികളിൽ പലതും അവയുടെ സ്വാഭാവിക ആയുസ്സ് അവസാനിക്കുന്ന ഘട്ടത്തിലുമാണ്. ആയതിനാൽ, സംസ്ഥാനത്ത് കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ പഠനത്തിന് വിധേയമാക്കി ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി&ഡി) ഉണ്ട്. ശംഖുമുഖം പ്രദേശത്ത് ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള "ഓഫ്ഷോർ ബ്രേക് വാട്ടർ" മോഡലാണ് ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" (NCCR) രൂപകല്പന ചെയ്തിട്ടുള്ളത്. കടലെടുത്ത തീരം വീണ്ടെടുക്കാൻ സഹായിക്കുന്ന ഒരു മാതൃകയാണ് ശംഖുമുഖത്ത് സ്വീകരിച്ചിട്ടുള്ളത്. കാപ്പാടിൽ നഷ്ടപ്പെട്ട കടൽത്തീരം പുനഃസ്ഥാപിക്കുന്നതിനും തീരം, തീരദേശ അടിസ്ഥാന സൗകര്യങ്ങൾ, തീരദേശ റോഡ് എന്നിവ സംരക്ഷിക്കുന്നതിനും T – ആകൃതിയിലുള്ള ഗ്രോയിനുകളും ബീച്ച് പോഷണവും വഴിയുള്ള hybrid

പരിഹാരങ്ങളുമാണ് NCCR-ന്റെ ഡിസൈൻ ആൻഡ് മോഡൽ സ്റ്റഡി റിപ്പോർട്ടനുസരിച്ച് ശിപാർശ ചെയ്തിരിക്കുന്നത്.

ശക്തമായ തീരശോഷണം നേരിടുന്ന കേരള തീരത്തെ പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകമായും, കേരള തീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച്, സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി മൂന്നുവർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുകൂടാതെ, തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) രൂപീകരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തീരസംരക്ഷണത്തിനായി കേരള തീരത്തുടനീളമുള്ള ഓരോ സെഡിമെന്റ് സെല്ലുകളിലും സ്വീകരിക്കേണ്ട ഉചിതമായ നടപടികൾ ടി പ്ലാനിൽ ശിപാർശ ചെയ്യും. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി ഡിസൈൻ

അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളി മേഖലയിൽ സംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം നൽകിയ ആളാണ് ഡോ. വി. വി. വേലുക്കുട്ടി അരയൻ. അദ്ദേഹം 1940-ൽ ചെല്ലാനം മുതൽ കോവളം വരെയുള്ള സ്ഥലത്ത് നടന്ന് തയ്യാറാക്കിയ ഒരു റിപ്പോർട്ടുണ്ട്, അരയൻ ലാൻഡ് റിക്ലമേഷൻ പ്രോഗ്രാം എന്ന പദ്ധതി. അത് നെഹ്റു അടക്കമുള്ളയാളുകൾ കേരളത്തിന് സമർപ്പിച്ചിരുന്നു. അമേരിക്കയിൽ നിന്ന് വാട്ട്സ് അടക്കമുള്ള ഭൗമശാസ്ത്രജ്ഞരെ കൊണ്ടുവന്ന് അത് കേരളത്തിന് ഗുണകരമാണെന്ന് പറയുകയും ചെയ്തു. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ ഭരണകാലത്ത് അത് കേരളത്തിൽ പ്രായോഗികമാക്കാൻ കഴിയുമെന്നും ഒരു റിപ്പോർട്ടുണ്ടായിരുന്നു. അതുസംബന്ധിച്ച് പഠനം നടത്തിയിരുന്നു, നടപ്പിലാക്കാൻ ശ്രമിക്കാമെന്നും പറഞ്ഞിരുന്നു. നെതർലാൻഡിലും സ്വിറ്റ്സർലാൻഡിലും ചൈനയിലുമടക്കം പ്രാവർത്തികമാക്കി

ഗുണകരമാണെന്ന് കണ്ട ആ റിപ്പോർട്ട് തീരസംരക്ഷണത്തിനായി കേരളത്തിൽ പ്രാവർത്തികമാക്കാൻ സാധ്യമാകുമോയെന്നത് പരിശോധിക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും ഇത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. നിലവിലെ സ്ഥിതി പരിശോധിച്ചാൽ കേരളത്തിൽ ആകെ 576 കിലോമീറ്റർ ദൂരമാണ് കടൽത്തീരമുള്ളത്. അതിൽ 365 കിലോമീറ്ററിലാണ് വിവിധ ഭാഗങ്ങളിലായി സംരക്ഷണം ആവശ്യമായിട്ടുള്ളത്. ഇപ്രകാരം 365 കിലോമീറ്ററിലും കടലാക്രമണ സംരക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ കടലാക്രമണത്തിന്റെ തീവ്രതയും ആവർത്തന സ്വഭാവവും കാരണം മേൽപ്പറഞ്ഞ 365 കിലോമീറ്ററിൽ 118 കിലോമീറ്റർ സംരക്ഷണ പ്രവൃത്തികൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 120 കിലോമീറ്റർ നീളത്തിലുള്ള പ്രവൃത്തികൾക്ക് ഭാഗികമായ കേടുപാടുകളും 127 കിലോമീറ്റർ നീളത്തിലുള്ള പ്രവൃത്തികൾ യാതൊരു കേടുപാടുകളും കൂടാതെ പ്രവർത്തനക്ഷമമായും നിലകൊള്ളുന്നുണ്ട്. ആയതിനാൽ ജലവിഭവ വകുപ്പ് നടത്തിയിട്ടുള്ള സംരക്ഷണ പ്രവർത്തനങ്ങൾ ചില സ്ഥലങ്ങളിലൊഴികെ ഫലപ്രദമാണെന്നാണ് ഇതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

മേൽപ്പറഞ്ഞ കാര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിലെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവിടെ നിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചന നടത്തിയത്. അങ്ങനെ കേരളത്തിൽ ഇതിനോടകം 10 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ചെല്ലാനത്ത് സംരക്ഷണം ഉറപ്പുവരുത്തുന്ന രീതിയിലുള്ള നിർമ്മിതികൾ പൂർത്തിയാക്കാൻ കഴിഞ്ഞു. NCCR റിപ്പോർട്ട് ലഭ്യമായതും ഇനി ലഭ്യമാകാനുള്ളതുമുണ്ട്. അവയ്ക്ക് പ്രയോരിറ്റി കൊടുക്കുന്നുണ്ട്. അതോടൊപ്പം ഹോട്ട്സ്പോട്ടിൽപ്പെടാത്ത ഭാഗങ്ങളിൽ അതിരൂക്ഷമായ കടലാക്രമണം സമീപ കാലങ്ങളിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ അതിനും സമാനമായ നിലയിൽത്തന്നെ ഇത്തരം പ്രവൃത്തികൾ നടത്താൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ചുള്ള ആലോചനകളും ഗവൺമെന്റ് നടത്തുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപ്രകാരമുള്ള പഠനങ്ങളും ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള കണ്ടെത്തലുകളുമാണ് ഇത്തരം കാര്യങ്ങളിലേയ്ക്ക് എത്തിച്ചിട്ടുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മത്സ്യത്തൊഴിലാളികളിൽ 77 ശതമാനവും 15 ശതമാനം വരുന്ന തീരമേഖലയിലാണ് താമസിക്കുന്നത്. തീരപോഷണത്തിനുവേണ്ടി കൃത്യമായി നടത്തുന്ന പ്രവർത്തനങ്ങളൊക്കെ തീരശോഷണത്തിന് ഹേതുവാകുന്നുവെന്ന് കാണാൻ കഴിയുന്നൊരു അവസ്ഥ സംസ്ഥാനത്തുണ്ട്. കടലിന്റെ വാട്ടർ ലെവൽ കൂടിവരികയാണ്. 2050-ഓടുകൂടി കുട്ടനാട്, എറണാകുളം, കോഴിക്കോട്, പൊന്നാനി ഹാർബർ മേഖലകൾ ഉൾപ്പെടെയുള്ള കേരളത്തിന്റെ വിവിധ മേഖലകൾ കടലെടുക്കുന്നൊരു സ്ഥിതിവിശേഷമുണ്ട്. വാട്ടർ ലെവൽ ബോഡിയുമായും ഇൻലാൻഡ് വാട്ടർ ബോഡിയുമായും ബന്ധപ്പെട്ടുകൊണ്ടുള്ള പഠനം പ്രായോഗികമായി നടത്തുന്നില്ല, നടത്തുന്നുണ്ടെങ്കിൽത്തന്നെ അതിന് കൃത്യമായി പരിഹാരം കാണുന്നുമില്ല. അത്തരമൊരു പഠനം നടത്തി ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിനും കേരളത്തെ രക്ഷപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണിത്. സമീപകാലങ്ങളിൽ കാണുന്ന പഠനങ്ങളും അതോടൊപ്പം നമ്മൾ ദർശിക്കുന്ന രീതിയുമെല്ലാം കാണുമ്പോൾ കള്ളക്കടൽ പ്രതിഭാസമുൾപ്പെടെ കടൽ

രൂക്ഷമാകുകയും കടൽ കൂടുതൽ കരയെടുക്കുകയും ചെയ്യുന്നൊരു അവസ്ഥ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇതിനായി നല്ല രീതിയിലുള്ള ഒരുക്കങ്ങളും പഠനങ്ങളും ആവശ്യമായിട്ടുണ്ട്. വളരെ ഗൗരവപൂർവ്വമാണ് ഈ വിഷയത്തെ കാണുന്നത്. വരും കാലങ്ങളിൽ ഇപ്പോൾ ഉള്ളതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നൂതനമായ പദ്ധതികളും പഠനവും ആവശ്യമാണ്. അക്കാര്യങ്ങളിൽ ഗവൺമെന്റ് അതീവ ജാഗ്രത പുലർത്തുന്നതായിരിക്കും.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കടൽത്തീരത്തെന്നപോലെ പുഴയോരങ്ങളിലും ഇതുപോലെ ഭീഷണി നേരിടുന്ന ധാരാളം പ്രദേശങ്ങൾ കേരളത്തിലുണ്ട്. അത്തരത്തിൽ ഒന്നാണ് എന്റെ നിയോജകമണ്ഡലത്തിലെ നിളയോരത്ത് തിരുനാവായ പഞ്ചായത്തിലെ 11-ാം വാർഡ്. ആ പ്രദേശത്ത് തീരം ഓരോ വർഷവും ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. അൻപതോളം വീടുകൾ ഭീഷണിയിലാണ്. മറുഭാഗത്ത് അതിനുപിറകിലുള്ള വീടുകളിലേയ്ക്ക് വെള്ളം കയറുകയുമാണ്. ഇത്തരത്തിലുള്ള സാഹചര്യമുള്ളതുകൊണ്ട് അതിന് പരിഹാരം കണ്ടെത്താനുള്ള മാർഗ്ഗം സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കടൽപോലെതന്നെ പ്രശ്നമുള്ളതാണ് പുഴയുടെയും തോടുകളുടെയും സൈഡുകളിൽ വർദ്ധിച്ചുവരുന്ന വെള്ളപ്പൊക്കവും. വളരെ രൂക്ഷമായി വെള്ളം കടന്നുവരുന്നതോടുകൂടി തീരം ഇടിഞ്ഞുപോകുകയും അതിന്റെ ഭാഗമായി തീരത്ത് താമസിക്കുന്ന ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥിതിവിശേഷവുമുണ്ട്. പക്ഷേ ഇത് ചെറിയ തോതിലല്ല, വളരെ പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്ന ഒന്നോരണ്ടോ സ്ഥലങ്ങളിൽ മാത്രമല്ല ഇങ്ങനെ സംഭവിക്കുന്നത്. 2018-ലെ പ്രളയത്തോടുകൂടിയാണ് ഇത്തരത്തിലുള്ള പ്രതിഭാസം രൂക്ഷമായി കേരളത്തിൽ അനുഭവപ്പെട്ട് തുടങ്ങിയത്. തുടർന്ന് വന്നിട്ടുള്ള ഓരോ ഘട്ടത്തിലും ഇത് ദർശിക്കാൻ കഴിയുന്നുണ്ട്. ലഭ്യമാകുന്ന ഫണ്ടുകളുടെ അടിസ്ഥാനത്തിലാണ് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നത്. എങ്കിലും ഇക്കാര്യം വളരെ ഗൗരവപൂർവ്വമായി കാണേണ്ടതിനാൽ ഇത്തരം പുഴകളും നദികളുമുൾപ്പെട്ട രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങളിൽ എന്ത് ചെയ്യാൻ കഴിയുമെന്നൊരു പഠനം നടത്തുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, രൂക്ഷമായ Coastal erosion, rough sea എന്നിവ അനുഭവപ്പെടുന്നൊരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലത്തിലെ ചേരങ്കൈ കാവുഗോളി പ്രദേശം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത തീരദേശ എം.എൽ.എ.-മാരുടെ യോഗത്തിൽ ഈ മേഖല വൾണറബിൾ ഏരിയ ആണെന്നാണ് പറഞ്ഞത്. ഇപ്രാവശ്യം അവിടെ റോഡുകളും വീടുകളും തകർന്നു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് കടൽഭിത്തി നിർമ്മിക്കണമെന്ന് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ആവശ്യപ്പെടുന്നില്ല. സർക്കാരും അത് ചെയ്യാമെന്ന് പറയുമെന്ന് തോന്നുന്നില്ല. അവിടെ ജിയോബാഗുകളെങ്കിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തെതന്നെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. കാസർഗോഡ് ജില്ലയിൽ പൊതുവേ ഈ വർഷം കടൽക്ഷോഭം വളരെ കുറവുള്ളൊരു സ്ഥലമായാണ് റിപ്പോർട്ടുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. കാവുഗോളി കടൽപ്പുറത്തിന്റെ വിഷയം ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത്തരം കാര്യങ്ങളിൽ അടിയന്തരമായി ഇടപെടുന്നതിനായി എക്സിക്യൂട്ടീവ്

എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. ജിയോ ബാഗുകൾ സ്ഥാപിച്ച് കാസർഗോഡ് ജില്ലയിലെ ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം അവിടുത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൊടുക്കാവുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, എന്റെ നിയോജകമണ്ഡലം 28 കിലോമീറ്റർ കടലുകൊണ്ട് ചുറ്റപ്പെട്ടതാണ്. കാലവർഷം വരുമ്പോൾ മഞ്ചേശ്വരം മണ്ഡലത്തിലെ കണ്വതീർത്ത, മൂസോടി, അദീക്ക, ശാരദാനഗർ, കൊയ്പ്പാടി കടപ്പുറം, പെർവാട് കടപ്പുറം, മൊഗ്രാൽ, കൊപ്പളം, പെരിങ്കടി എന്നീ പ്രദേശങ്ങളിലെ വീടുകളും റോഡുകളും ആരാധനാലയങ്ങളും നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. കാലവർഷം വരുമ്പോൾ എന്റെ മണ്ഡലത്തിലെ ധാരാളം ഭാഗങ്ങൾ കടലായി മാറുകയാണ്. പെരിങ്കടിയിൽ ജിയോ ബാഗ് സ്ഥാപിക്കാൻ ടെൻഡറായിട്ടുണ്ടെങ്കിലും വർക്ക് തുടങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതോടൊപ്പം കണ്വതീർത്തയിലും വലിയ ആശങ്കയാണ് നിലനിൽക്കുന്നത്. പെർവാട് കടപ്പുറത്തിന് കഴിഞ്ഞ വർഷം കൊടുത്ത ജിയോ ബാഗ് നശിച്ചുപോയിരിക്കുകയാണ്. കടൽക്ഷോഭത്തിന് ശാശ്വത പരിഹാരം

കാണുന്നതിന് ഈ പ്രദേശങ്ങളിൽ NCCR ടീം സന്ദർശനം നടത്തുന്നതിനും ടെട്രാപോഡ് സംവിധാനമുള്ള ഭിത്തി നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജിയോ ബാഗുകളിട്ട് സംരക്ഷണം ഉറപ്പുവരുത്തുന്ന സ്ഥിതിയാണ് അവിടെ അനുവർത്തിച്ചുവന്നത്. ടെട്രാപോഡുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഹോട്ട്സ്പോട്ട് ഏരിയയിലാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ഹോട്ട്സ്പോട്ട് ഏരിയയിൽ മാത്രമല്ല മറ്റ് പല സ്ഥലങ്ങളിലും രൂക്ഷമായ കടലാക്രമണം സമീപകാലങ്ങളിൽ കാണുന്നൊരു സ്ഥിതി വിശേഷമുള്ളതുകൊണ്ട് ഇത്തരത്തിലുള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഏരിയയിൽ കാസർഗോഡ് ജില്ലയിലെ എം.എൽ.എ. ഉന്നയിച്ച പ്രദേശങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നതാണോയെന്ന് NCCR ടീമിനെ വിട്ട് പരിശോധിക്കാവുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, എന്റെ നിയോജകമണ്ഡലമായ കാപ്പാട് കടൽത്തീരം 2021-ലെ കടൽക്ഷോഭത്തിൽ വലിയ രീതിയിൽ തകർന്നുപോയതാണ്. കഴിഞ്ഞ ദിവസത്തെ കടൽക്ഷോഭത്തിൽ

അതിഭീകരമായി വീണ്ടും ആ ഭാഗങ്ങൾ ഇടിഞ്ഞുപോയി. മത്സ്യത്തൊഴിലാളികൾക്ക് ഹാർബറുമായി ബന്ധപ്പെടാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. മറുവശം കാപ്പാട് ടൂറിസ്റ്റ് മേഖലയാണ്. അവിടെ നൂറ് കണക്കിന് ആളുകളാണ് ദിവസവും വന്നുകൊണ്ടിരിക്കുന്നത്. വാഹനത്തിൽ പോകുന്നത് പോയിട്ട് നടക്കാൻപോലും പറ്റാത്ത സ്ഥിതിയാണുള്ളത്. 2021-ൽ കാപ്പാട് ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. കാപ്പാട് NCCR ടീം സന്ദർശനം നടത്തി ശാസ്ത്രീയമായ പഠനം നടത്തി ഡിസൈൻ തയ്യാറാക്കി തന്നിട്ടുള്ളതല്ലാതെ ഇതുവരെയും ഒന്നുംതന്നെ ചെയ്യാൻ സാധിച്ചിട്ടില്ല. വീണ്ടും വന്നിട്ടുള്ള കടലാക്രമണം വല്ലാത്ത രീതിയിലാണ് കാപ്പാടിനെ ബാധിച്ചിട്ടുള്ളത്. ഇതിന് ഏതെങ്കിലും രീതിയിലുള്ള പരിഹാരം കാണാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. ഞാനും ആ പ്രദേശം സന്ദർശിച്ചിട്ടുണ്ട്. അന്നൊക്കെ അത് ഹോട്ട്സ്പോട്ടിൽപ്പെട്ട ഏരിയയായിരുന്നു. എന്നാൽ കാപ്പാട് ഉൾപ്പെടെയുള്ള നാല് പ്രദേശങ്ങളിലെ NCCR-ന്റെ പഠന റിപ്പോർട്ട് ലഭ്യമാകാനുണ്ട്. കാപ്പാട് തീരപ്രദേശത്തെ

കടൽക്ഷോഭംമൂലം തീരദേശ റോഡുകൾ തകർന്ന് വലിയ ഗർത്തങ്ങൾ രൂപപ്പെട്ടിരിക്കുകയാണ് എന്നതാണ് പ്രധാനപ്പെട്ട വിഷയം. അത് അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. അത് ഹോട്ട്സ്പോർട്ടിൽപ്പെട്ട പ്രദേശമാണെങ്കിൽപ്പോലും അത് നവീകരിക്കുന്നതിനായി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ വെസ്റ്റ് ഹിൽ ഭട്ട്റോഡ് ബീച്ചിൽ ഒരു പുലിമുട്ട് നിർമ്മിക്കാൻ വേണ്ടി 2000-ൽ 3 കോടി രൂപ വകയിരുത്തിയിരുന്നു. മദ്രാസ് ഐ.ഐ.ടി. തയ്യാറാക്കിയ ഡിസൈൻ പ്രകാരം പുലിമുട്ട് നിർമ്മിക്കാൻ 7 കോടി രൂപ വേണ്ടിവരും. ഇതിൽ ഒരു തീരുമാനവും ഇതുവരെയും ആയിട്ടില്ല. ആ പ്രദേശത്ത് ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയുടെ കല്ലിടുകയും അടുത്ത വർഷം അത് പോകുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ധാരാളം വീടുകളുള്ള വലിയൊരു പ്രദേശമാണിത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ളൊരു സ്ഥലമാണ്. ഹോട്ട്സ്പോട്ടിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമായതുകൊണ്ട് ഹോട്ട്സ്പോട്ടിന് സമാനമായ രീതിയിൽ നിർമ്മാണങ്ങൾ നടത്തണമെന്ന ആവശ്യമാണ് ബഹുമാന്യരായ എം.എൽ.എ.-മാർ ഇവിടെ ഉന്നയിക്കുന്നത്. ഇതിനായി ആവശ്യമായ പഠനവും സമാനമായി നിൽക്കുന്ന പ്രദേശത്തിന്റെ സ്ഥിതിയും കടലാക്രമണത്തിന്റെ രൂക്ഷതയും മനസ്സിലാക്കിക്കൊണ്ട് അത്തരം കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. അതിരൂക്ഷമായ കടലാക്രമണം തുടർന്നും വരുംകാലങ്ങളിലും വരുമെന്നുള്ളത് പഠനങ്ങളുടെയും നിഗമനത്തിന്റെയും പശ്ചാത്തലത്തിൽ വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് നോക്കിക്കാണുന്നത്. അതുകൊണ്ട് തീർച്ചയായും ഒരു സ്പെഷ്യൽ പാക്കേജുപോലെ, ഇക്കാര്യങ്ങളിൽ രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങളെ കുറേക്കൂടി കാര്യക്ഷമമായി പരിശോധിച്ച് പരിഹരിക്കാൻ കഴിയുന്ന മാർഗ്ഗം അവലംബിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, തീരശോഷണത്തിന് ഹോട്ട്സ്പോട്ടുകൾ തീരുമാനിച്ചുവെന്ന് അങ്ങയുടെ മറുപടിയിൽ പറഞ്ഞു. എന്ത് അടിസ്ഥാനത്തിലാണ് ചെയ്തതെന്ന് അറിയില്ല. പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ചാപ്പപ്പടി എന്ന പ്രദേശത്ത് കടലാക്രമണംകൊണ്ട് ഡെഡ്ബോഡി വരെ ഒലിച്ചുപോകുന്ന സാഹചര്യമാണ്. അവിടൊരു മത്സ്യബന്ധന പോർട്ട് വരുന്നതോടുകൂടി അതിലേറെ പ്രയാസങ്ങൾ വരികയാണ്. ഇങ്ങനെയുള്ള സ്ഥലങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും പ്രത്യേക ഫണ്ട് നൽകുവാനും ശ്രമമുണ്ടാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തീർച്ചയായും, ഇതൊരു പൊതു ആവശ്യമാണ്. ഈ വർഷം പരപ്പനങ്ങാടിയിൽ ഇതുവരെ പ്രശ്നമൊന്നുമുണ്ടായില്ല. എങ്കിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളെല്ലാം ആ പ്രദേശത്ത് നിലനിൽക്കുന്നുണ്ട്. രൂക്ഷമായി കടലാക്രമണം നേരിടുന്ന പ്രദേശത്തെക്കുറിച്ചും തീരദേശത്തുള്ള പ്രശ്നങ്ങളെക്കുറിച്ചും അവിടെത്തെ എം.എൽ.എ.-മാർ കൂടി നൽകുന്ന നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, മണലൂർ നിയോജകമണ്ഡലത്തിലെ ഏക തീരദേശ പഞ്ചായത്താണ് വാടാനപള്ളി ഗ്രാമപഞ്ചായത്ത്, രൂക്ഷമായ കടലാക്രമണം സ്ഥിരം അനുഭവപ്പെടുന്ന മേഖലയാണ്. അവിടെ ഇത്തവണത്തെ കള്ളക്കടൽ പ്രതിഭാസവും വേലിയേറ്റംമൂലം 12 ഓളം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കുടിവെള്ള പൈപ്പുകൾ ആകമാനം തകർന്നുകിടക്കുകയാണ്. റോഡുകൾ തകർന്നുപോയിട്ടുണ്ട്. ഏകദേശം 2 കിലോമീറ്ററോളം വ്യാപകമായ നാശനഷ്ടം സംഭവിച്ചിരിക്കുകയാണ്. തീരസംരക്ഷണത്തിനുവേണ്ടി നിരവധി മുറവിളികൾ ഉയർന്നുവന്നിട്ടുണ്ട്. അപൂർവ്വം ചില പ്രദേശങ്ങളിൽ കടൽഭിത്തിയുണ്ട്, അത് തകർന്നുകിടക്കുകയാണ്. അടിയന്തരമായി കടൽഭിത്തി, പുലിമുട്ട്, ജിയോബാഗ് തുടങ്ങിയ ഏതെങ്കിലും സംവിധാനങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് ഇതിന് പരിഹാരമുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. നാശനഷ്ടമുണ്ടായവർക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അവിടെ അടിയന്തമായി ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിരുന്നു. മണലൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്ക് 35 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച് കൂടിയാലോചിച്ച് തീരുമാനമെടുക്കാം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, അതീവ ഗുരുതരമായ, നിലവിൽ തീരശോഷണമുള്ള പ്രദേശങ്ങൾ ഹോട്ട്സ്പോട്ടായി കണക്കാക്കുകയും നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ച് ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനൊരു കാലതാമസം വരുന്നുവെന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നിട്ട് മൂന്നുനാല് വർഷം കഴിഞ്ഞു. അതുകൊണ്ട് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയും; തീരസംരക്ഷണത്തിനാവശ്യമായ തുക സമാഹരിക്കാൻ മറ്റ് ധനകാര്യ ഏജൻസികളിൽനിന്നോ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ തുക കണ്ടെത്താൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കൊടുങ്ങല്ലൂർ കയ്പമംഗലം പ്രദേശത്തിന്റെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ, കയ്പമംഗലം എന്നീ സ്ഥലങ്ങളുടെ അടിയന്തരമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എൻ.സി.സി.ആർ. റിപ്പോർട്ട് ലഭ്യമാകുന്നതിൽ ചെറിയൊരു താമസമുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു സ്പെഷ്യൽ ടീമിനെ അയയ്ക്കുന്നുണ്ട്. അത് ലഭിക്കുന്നമുറയ്ക്ക് ആ പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഇതിനായി 1500 കോടി രൂപയാണ് കിഫ്ബി ലഭ്യമാക്കിയിട്ടുള്ളത്. അതിൽ ചെല്ലാനം തീരമേഖലയിൽമാത്രമാണ് 140 കോടി രൂപയുടെ പ്രവൃത്തി നടത്താൻ കഴിഞ്ഞിട്ടുള്ളത്. അതിന്റെ രണ്ടാംഘട്ടവും നടത്തേണ്ടതായിട്ടുണ്ട്. എൻ.സി.സി.ആർ. റിപ്പോർട്ട് കിട്ടിയാൽ ഇത്തരം പ്രവൃത്തികളുടെ ആദ്യംഘട്ടം മുന്നോട്ടുകൊണ്ടുപോകുന്നതിൽ തടസ്സം നേരിടുന്നില്ല.

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം തീരദേശത്തെ ശംഖുമുഖമുൾപ്പെടെയുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം തീരശോഷണം

സംഭവിച്ച് വലിയ നാശനഷ്ടം സംഭവിക്കുകയാണ്. അവിടെ കോടാനുകോടി രൂപ വർഷങ്ങളായി ചെലവഴിക്കുകയും ചെയ്യുകയാണ്. പക്ഷെ അതിന് ഫലം കാണുന്നില്ല. വിഴിഞ്ഞം നിർമ്മാണത്തിന്റെ ശാസ്ത്രീയമായ പഠനം നടത്തികൊണ്ട് ഏതെങ്കിലും തരത്തിലുള്ള പ്രശ്നം അതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ടോയെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; അത് തടയുന്നതിനാവശ്യമായിട്ടുള്ള പരിശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അത്തരം കാര്യങ്ങൾ പരിശോധിക്കാം. നിലവിൽ അതിന്റെ പരിശോധനയും മറ്റ് കാര്യങ്ങളും ആ നിലയിൽ തുടരുന്നുണ്ട്. ഇപ്പോൾ ശംഖുമുഖം ബീച്ച്, കണ്ണാന്തുറ, വെട്ടുകാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലാണ് കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്നന്നത്. വെട്ടുകാട് ഭാഗത്ത് അടിയന്തരമായി ഇടപെടുകയും അവിടെ വീടുകൾ സംരക്ഷിക്കുന്ന പ്രവൃത്തികൾക്കുവേണ്ടി 10 ലക്ഷം രൂപ നൽകി ജിയോബാഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറ, കൈതവിളാകം, തയ്ക്കാപള്ളി, ശംഖുമുഖം ലീനാറോഡ്, ശംഖുമുഖം ബീച്ച്, കണ്ണാന്തുറ, വെട്ടുകാട് എന്നീ പ്രദേശങ്ങളിലാണ് രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നത്. പൂന്തുറ

ഭാഗത്ത് 1.10 കിലോമീറ്റർ നീളത്തിൽ കടൽതീരസംരക്ഷണത്തിനുവേണ്ടി പതിനേഴരക്കോടി രൂപയുടെ പദ്ധതി ടെൻഡർ ചെയ്ത് സൈറ്റ് കൈമാറി കഴിഞ്ഞിട്ടുണ്ട്. ശംഖുമുഖം **ജീസാറോഡ്** മുതൽ ലീനാറോഡ് വരെയുള്ള ഭാഗത്തിന്റെ കടൽഭിത്തി നിർമ്മാണത്തിന് 2024-25-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2 കോടി രൂപ അനുവദിക്കുകയും അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിന് ഉടൻതന്നെ ഭരണാനുമതി നൽകും. ശ്രീ. ആന്റണി രാജുവിന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശമാണ് ശംഖുമുഖം. കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് വിളിച്ചുചേർത്തിരുന്നു. തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വിഴിഞ്ഞവുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങൾ ഇതിന്റെയൊക്കെ ഭാഗമാണെന്നുള്ള കാര്യം പഠനപരമായ കാര്യങ്ങൾക്ക് വിധേയമാക്കേണ്ടതാണെങ്കിൽ അതും പരിശോധിക്കുന്നതാണ്.

ശ്രീമതി കെ. കെ. രമ: സർ, വടകര നിയോജകമണ്ഡലത്തിൽ പതിനേഴര കിലോമീറ്ററോളം കടൽത്തീരമാണ്. നേരത്തെ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾപോലെ കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളാണ് ഭൂരിഭാഗവും.

അതിൽ കുരിയാടി, പള്ളിത്താഴം, മുകച്ചേരി ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ ഇപ്രാവശ്യവും രൂക്ഷമായ കടലാക്രമണമുണ്ടായതിന്റെ ഭാഗമായി റോഡുകൾ പലതും ഒലിച്ചുപോയിരിക്കുകയാണ്. ഹോട്ട്സ്പോട്ടുകൾ കണ്ടെത്തുന്നത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് അറിയില്ല. നമ്മുടെ പ്രദേശത്ത് ഹോട്ട്സ്പോട്ട് കണ്ടെത്തിയോയെന്നുള്ളതും അറിയില്ല. ഇതിനായി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ടപ്പോൾ അടിയന്തരമായി ചെയ്യേണ്ട വർക്കിന് 25 ലക്ഷം രൂപയാണ് ഒരു ജില്ലയ്ക്ക് അനുവദിച്ചതെന്നാണ് അറിയാൻ കഴിഞ്ഞത്. ടി തുക ഉൾപ്പെടുത്തികൊണ്ട് ഒരു ജില്ലയിലെ മുഴുവൻ പ്രവർത്തനങ്ങളും നടത്താൻ കഴിയില്ലായെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ടി തുക വർദ്ധിപ്പിക്കാനും ഇത്തരം ഭാഗങ്ങളിൽ അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, പ്രസ്തുത തുക തീർത്തും അപര്യാപ്തമാണെന്നറിയാം. ഹോട്ട്സ്പോട്ട് നിർമ്മിക്കുക അല്ലെങ്കിൽ അവിടത്തെ നിർമ്മാണ പ്രവർത്തനം നടത്തുകയെന്നതിൽ കാലതാമസം വരുന്നതിനാലാണ്, വളരെ പെട്ടെന്ന് ഇടപെടേണ്ട എമർജൻസി വർക്ക്

ചെയ്യാൻ കഴിഞ്ഞാൽ ആ തീരദേശത്ത് ചില സംരക്ഷണം ഉറപ്പുവരുത്താൻ കഴിയുമെന്നുള്ളതുകൊണ്ടുമാത്രമാണ് പ്രസ്തുത തുക അനുവദിക്കുന്നത്. ഇതിനായി ആകെ 25 ലക്ഷം രൂപയല്ല അനുവദിക്കുന്നത്, ആദ്യം 25 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിനുശേഷം അതീവപ്രധ്യാനമുള്ള ചില പ്രദേശങ്ങളിൽ രൂക്ഷമായ വിഷയം വന്നപ്പോൾ അവിടെയും കുറച്ച് തുക അനുവദിച്ച് കൊടുക്കുകയുണ്ടായി. വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് 25 ലക്ഷം രൂപകൂടി അനുവദിച്ചിരുന്നു. ഓരോ സ്ഥലത്തും 50 ലക്ഷം രൂപവച്ച് അനുവദിച്ച് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് കാര്യമായ മാറ്റമുണ്ടാകുമെന്നൊരു പ്രതീക്ഷയുമില്ല. എന്നാൽ അതാത് തലങ്ങളിലുണ്ടാകുന്ന രൂക്ഷതയുടെ അടിസ്ഥാനത്തിൽ എം.എൽ.എ.-മാർക്ക് താൽക്കാലികമായ നടപടികൾ സ്വീകരിക്കാൻ സഹായകമാകുന്ന ഒരു പ്രവൃത്തി എന്ന നിലയിലാണ് ടി തുക അനുവദിച്ചത്. വടകര ഇപ്പോഴത്തെ നിലയിൽ ഹോട്ട്സ്പോട്ട് അല്ലെങ്കിൽപ്പോലും 497 ലക്ഷം രൂപയുടെ പ്രവർത്തനം അവിടെ നടന്നുവരുന്നുണ്ട്. വടകര നിയോജകമണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഏകദേശം അഞ്ചുകോടി രൂപയുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും രീതി

അനുസരിച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പശ്ചാത്തലത്തിൽ ആ പ്രദേശങ്ങളിൽ മാറ്റങ്ങൾ വരുത്താനായി ശ്രമിക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തീരസംരക്ഷണത്തിന്റെ ഭാഗമായി കടലിലേയ്ക്ക് വരുന്ന പുഴകളും അതിന്റെ അനുബന്ധമായിട്ടുള്ള ചെറുപുഴകളുമെല്ലാം ഇതിന്റെ ഭാഗമായി പരിഗണിക്കപ്പെടേണ്ടതാണ്. വെള്ളപ്പൊക്കമെല്ലാം വന്നതിനുശേഷം ഇത് വല്ലാതെ തൂർന്നുപോയിട്ടുണ്ട്. പുഴകളിലും ഡാമുകളിലുമെല്ലാം അടിഞ്ഞുകൂടിയ ചെളിയും മണലുമെല്ലാം എടുത്താൽ വലിയ വിഭവസമാഹരണത്തിനുള്ള സാധ്യതകളുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്താൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ? ഇപ്പോൾ ഉപയോഗപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. മംഗളം ഡാം ഉൾപ്പെടെയുള്ള ചെളിയെടുക്കൽ പലതും പാതിവഴിയിൽ നിൽക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അക്കാര്യങ്ങൾ വളരെ ഗൗരവപൂർവ്വം ആലോചിച്ചുകൊണ്ടിരിക്കുന്ന വിഷയമാണ്. അതിനകത്ത് ചില തടസ്സങ്ങളും പ്രശ്നങ്ങളും നേരിടുന്നുണ്ട്. എങ്കിൽപ്പോലും മണൽവാരുന്ന കാര്യവും അതിൽനിന്ന് കിട്ടുന്ന തുകയും ഇത്തരം കാര്യങ്ങളിൽ പ്രയോജനപ്പെടുത്താമോ

എന്നുള്ളത് ഗൗരവപൂർവ്വമായിട്ടുള്ള ചിന്തകൾക്ക് ഇടനൽകുന്ന സന്ദർഭമാണിത്. തീർച്ചയായിട്ടും ഇക്കാര്യങ്ങൾ പരിശോധിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിനാവശ്യമായ പണം സമാഹരിക്കാൻ കഴിഞ്ഞാൽ ആദ്യം സൂചിപ്പിച്ചതുപോലെ പുഴകളുടെയും തോടുകളുടെയും കൈവഴികളുടെയുമെല്ലാം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധ്യമാകുമെന്ന് കരുതുന്നു. അത് ഗൗരപൂർവ്വമായിട്ടുള്ള വിഷയമായിട്ട് തന്നെയാണ് കാണുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, മണൽവാരലുമായി ബന്ധപ്പെട്ട് നേരത്തെ ഏതെങ്കിലും വിധത്തിലുള്ള സർക്കാരിന്റെ പ്രയാസംകൊണ്ടോ, ഇത് ചെയ്തുകൊണ്ടിരിക്കുന്ന റിവർ മോണിറ്ററിംഗ് ഫണ്ടുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ പ്രശ്നംകൊണ്ടോ അല്ല. ഇടക്കാലത്ത് ഹരിത ട്രിബ്യൂണൽത്തന്നെ ഐ.എൽ.ഡി.എം.-ന്റെ നേതൃത്വത്തിൽ എല്ലാ പുഴകളുടെയും സാൻഡ് ഓഡിറ്റ് നടത്തി 32 നദികൾ മണലെടുക്കാൻ കഴിയുമെന്ന വിധത്തിൽ മുന്നോട്ടുവന്നതാണ്. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ഇടപെടുകയും എൻ.ഐ.എസ്.റ്റി.-യുടെ അക്രഡിറ്റേഷനുള്ള ഏജൻസിയെക്കൊണ്ട് ഡി.എസ്.ആർ. തയ്യാറാക്കണമെന്ന

അഭിപ്രായം ഉയർന്നുവരികയുമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഡി.എസ്.ആർ. 13 ജില്ലകളിലും തയ്യാറായിട്ടുണ്ട്. ചാലിയാറും കടലുണ്ടിപ്പുഴയും മണലെടുക്കാവുന്ന വിധത്തിലുള്ള നടപടിക്രമങ്ങളിലേയ്ക്ക് ഹരിത ട്രിബ്യൂണലിന്റെ അനുവാദം കിട്ടാൻ എല്ലാ നടപടിക്രമവും അനുസരിച്ച് മുന്നോട്ടുപോയിട്ടുണ്ട്. ബാക്കി നദികളിലും ആ വിധത്തിൽ മണൽവാരാനും ആ വാരിയ സംഖ്യതന്നെ ഉപയോഗിച്ചുകൊണ്ട് നദികൾ, പുഴകൾ എന്നിവയെ സംരക്ഷിക്കാനും കഴിയുന്നവിധത്തിലുള്ള നടപടിക്രമങ്ങളാണ് മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിലും പ്രസ്തുത പണം പൂർണ്ണമായും അത്തരം ആവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. റവന്യൂ, ഇറിഗേഷൻ വകുപ്പുകളുൾപ്പെടെയുള്ള ഒരു കമ്മിറ്റി അക്കാര്യങ്ങൾ നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. എൻ. കെ. അക്ബർ: സർ, രൂക്ഷമായ കടലാക്രമണം നേരിടുന്ന ഒരു പ്രദേശമാണ് ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിലെ വെണ്ണീർക്കുളം. കടപ്പുറം പഞ്ചായത്തിൽ ഇതുവരെ ഹോട്ട്സ്പോട്ട് പ്രഖ്യാപിക്കാത്തതിന്റെ കാരണം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. വരൾച്ചാ സമയങ്ങളിൽ കുടിവെള്ളം വിതരണം

ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തുകളിൽ ഏർപ്പെടുത്താറുണ്ട്. എന്നാൽ കടലാക്രമണമുണ്ടാകുമ്പോഴും കുടിവെള്ളം ലഭിക്കാത്ത ഒരു സാഹചര്യം അവിടെ നിലനിൽക്കുകയാണ്. അത്തരം സമയങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല. ഈയൊരവസ്ഥ കാരണം വലിയ ബുദ്ധിമുട്ടാണ് അവിടെയുള്ളവർ നേരിടുന്നത്. അതുകൊണ്ട് ഇത്തരം സന്ദർഭങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. വേനൽക്കാലങ്ങളിൽ രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള അനുമതി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിവരാറുണ്ട്. എന്നാൽ മഴക്കാലം ശക്തമാകുമ്പോഴും രൂക്ഷമായ കടലാക്രമണമുണ്ടാകുമ്പോഴും തീരദേശവാസികൾക്ക് കുടിവെള്ളം എത്തിച്ചുനൽകാൻ സാധിക്കുന്നില്ലെന്നതാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ചോദ്യത്തിൽനിന്നും മനസ്സിലാക്കുന്നത്. അക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായും റവന്യൂ വകുപ്പുമായും ആലോചിച്ച്, കുടിവെള്ളം ആവശ്യമുള്ള പഞ്ചായത്തുകളിലെ തീരദേശവാസികൾക്ക് വരൾച്ചാ സമയങ്ങളിലേതുപോലെ

കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്ന വിധത്തിൽ നിലവിലെ സംവിധാനങ്ങളിൽ മാറ്റം വരുത്താൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കടൽ രാജ്യത്തിന്റെ അതിർത്തിയാണ്. അതിർത്തി കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനാണ്. കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അത്തരം കാര്യങ്ങളിൽ പലപ്പോഴും കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ സൂചിപ്പിച്ച തരത്തിലുള്ള തുക മാത്രമാണ് സംസ്ഥാനത്തിന് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വീണ്ടും കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. തീരദേശ സംരക്ഷണം മാത്രമല്ല വിവിധങ്ങളായ വലിയ പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കേണ്ടത് ആവശ്യമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തീരദേശ സംരക്ഷണം. കേന്ദ്ര ഗവൺമെന്റിന്റെയും എ.ഡി.ബി.യുടെയും ലോക ബാങ്കിന്റെയും വിവിധ ഏജൻസികളുടെയുമെല്ലാം സഹായങ്ങൾ ലഭ്യമാക്കിയാണ് ഏതാണ്ട് 5,400 കോടി രൂപ മുതൽമുടക്കി തീരദേശം സംരക്ഷിക്കുന്നതിനുള്ള തീരുമാനം

കൈക്കൊണ്ടിട്ടുള്ളത്. അതിൽ ഹോട്ട്സ്പോട്ട് എന്നത് ആദ്യഘട്ടമായി എടുത്തന്നേയുള്ളൂ. പൂർണ്ണമായും തീരദേശ സംരക്ഷണമാണ് ഉറപ്പുവരുത്തേണ്ടത്. അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം അനിവാര്യവും അത് ലഭ്യമാകുമെന്ന പ്രതീക്ഷയോടുകൂടിയുമാണ് ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇതിനായി കേന്ദ്ര ഗവൺമെന്റിനെ വീണ്ടും സമീപിക്കും. അനുഭാവപൂർവ്വമായ നടപടിയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ വള്ളിക്കുന്ന് പഞ്ചായത്തിലെ പരപ്പാൽ ബീച്ചിന്റെ തീരം കടലെടുത്തിട്ട് കുറെ വർഷങ്ങളായി. അവിടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ, അവിടം ആമകളുടെ പ്രചനന കേന്ദ്രമാണെന്നാണ് പറയുന്നത്. അതിനുശേഷം ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് അവയെല്ലാം വെക്കേറ്റ് ചെയ്തിട്ടുണ്ടെങ്കിലും അതിനുശേഷം അവിടെ ഒരു പ്രവർത്തനങ്ങളും നടക്കുന്നില്ല. അവിടെ താമസിച്ചിരുന്നവർ മാറി പോവുകയും ഇലക്ട്രിസിറ്റി ബന്ധം വിച്ഛേദിച്ചിക്കുകയും ചെയ്തിട്ടുണ്ട്. ടിപ്പു സുൽത്താൻ റോഡ് തകർന്നിരിക്കുകയുമാണ്.

അതിനാൽ അവിടെയുള്ള കുടുംബങ്ങൾക്ക് സുരക്ഷിതമായി താമസിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അവിടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഒട്ടും നടക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. ഇതിന്റെ ഭാഗമായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 219 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരികയാണ്. അങ്ങ് പറഞ്ഞതുപ്രകാരം പൂർത്തിയാക്കുന്നതിനുള്ള സാഹചര്യം ഒരുപക്ഷെ ഉണ്ടാകില്ല. അവിടെ നിലവിലുണ്ടായിരുന്ന ചില പ്രശ്നങ്ങൾ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് പരിഹരിച്ച സാഹചര്യത്തിൽ, ഇനി എന്തുചെയ്യാൻ കഴിയുമെന്ന കാര്യം ഗൗരവമായി ആലോചിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, എന്റെ മണ്ഡലത്തിലെ ബേക്കൽ, കീഴൂർ, ചെമ്പിരിക്ക, തൃക്കണ്ണാട് ക്ഷേത്രത്തിന്റെ മുൻവശം എന്നിവിടങ്ങളിലെല്ലാം കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി തുടർച്ചയായ കടലാക്രമണമാണ് നടക്കുന്നത്. കെ.എസ്.ടി.പി. റോഡിന്റെ അതിരുവരെയുള്ള ഭാഗം കടലാക്രമണത്തിൽ നശിച്ചിരിക്കുകയാണ്. ഇനിയൊരു കടലാക്രമണമുണ്ടായാൽ കെ.എസ്.ടി.പി. റോഡുതന്നെ ഇല്ലാതാകുന്ന സാഹചര്യമുണ്ടാകും. അതിനാൽ അവിടെയുള്ള കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി നടത്തിയില്ലെങ്കിൽ

വലിയൊരു ദുരന്തംതന്നെ ഉണ്ടാകാനിടയുണ്ട്, അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അവിടുത്തെ സാഹചര്യം അത്രമാത്രം രൂക്ഷമാണെന്ന് സൂചിപ്പിച്ച സാഹചര്യത്തിൽ, പ്രത്യേക അന്വേഷണം നടത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, എന്റെ മണ്ഡലത്തിലെ പൊഴിയൂർ, കൊല്ലംകോട് ഹോട്ട്സ്പോട്ടിൽ രണ്ടാം സ്ഥാനത്ത് നിശ്ചയിച്ച പ്രദേശങ്ങളാണ്. അവിടെ വലിയ തോതിലുള്ള കടലാക്രമണമാണ് നടക്കുന്നത്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് 63 കോടി രൂപയുടെ സീവാൾ നിർമ്മിക്കുന്ന ഒരു പദ്ധതി സമർപ്പിച്ചിരുന്നു. അതിൽ കിഡ്ക്ക്, കെ.ആർ.എഫ്.ഇ., സി.ഡബ്ല്യൂ.ഡി. എന്നീ വകുപ്പുകൾ ഈ പദ്ധതിയെ വലിച്ചുനീട്ടിക്കൊണ്ട് പോകുകയാണ്. അതിനാൽ ഈ വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ച്, പദ്ധതി അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കൊല്ലംകോടുമായി ബന്ധപ്പെട്ട എൻ.സി.സി.ആർ. റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിച്ചുവരികയാണ്. 51 കോടി രൂപയുടെ പ്രൊപ്പോസലാണത്. വളരെ പെട്ടെന്നുതന്നെ അത്തരം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കടലാക്രമണം ഒരു വലിയ പ്രശ്നമാണ്. ഇന്നലെ സബ്മിഷനായി ഞാൻ ഈ വിഷയം ഉന്നയിച്ചിരുന്നു. നിലവിൽ തൽക്കാലം ജിയോ സിന്തറ്റിക് ബാഗുകൾ വെച്ചാണ് കടലാക്രമണം തടയാൻ ശ്രമിക്കുന്നത്. പക്ഷെ, ഒരു ഘട്ടം കഴിഞ്ഞാൽ ഈ ജിയോ ബാഗുകൾ മുഴുവൻ ഇല്ലാതാകും. സംസ്ഥാന ഗവൺമെന്റിന് സാമ്പത്തിക പരാധീനതകളുള്ളതുകൊണ്ട്, പല പ്രവർത്തനങ്ങളും ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടാണ് നടത്തുന്നതെന്ന് അറിയാം. എന്നാൽ ലോക ബാങ്കിന്റെ സ്റ്റഡി കഴിഞ്ഞ ഹോട്ട്സ്പോട്ടുകളിലെങ്കിലും ലോക ബാങ്കിന്റെ അനുമതി തേടി, ടെട്രാപോഡുകളോ കടൽ ഭിത്തിയോ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? എന്റെ നിയോജക മണ്ഡലത്തിലെ ആറാട്ടുപുഴയുൾപ്പെടെയുള്ള ചില പഞ്ചായത്തുകൾ ഏറ്റവും പിന്നോക്കാവസ്ഥയിലാണെന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ആ പഞ്ചായത്തുമായി ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ കടലാക്രമണം

തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും, ഈ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെതന്നെ പരിഗണിക്കുന്നതായിരിക്കും. അങ്ങ് സൂചിപ്പിച്ച പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്, അതിനുള്ള അനുമതി ലഭ്യമാകുന്നതിനുള്ള പരിശ്രമങ്ങളാണ് ഗവൺമെന്റ് നടത്തുന്നത്. ഇത്തരം കാര്യങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന ഒരു നിയോജമണ്ഡലംകൂടിയാണ് ഹരിപ്പാട്. നിലവിൽ നിരവധി പദ്ധതികൾ ഹരിപ്പാട് മണ്ഡലത്തിൽ നടന്നുവരുന്നുണ്ട്. എങ്കിലും ഈ പോരായ്മകൾ അവിടെ അവശേഷിക്കുന്നു എന്നുള്ളത് ഏറ്റവും രൂക്ഷമായ കടലാക്രമണം നടക്കുന്ന ഒരു പ്രദേശമായതുകൊണ്ടാണെന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇതിന് മുന്തിയ പരിഗണന നൽകുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക ഭദ്രതകൂടി ഉറപ്പുവരുത്തി കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള പൂൾഡ് ഫണ്ട്

(*363) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേന പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പൂൾഡ് ഫണ്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളും ഏജൻസികളും തയ്യാറാക്കി നൽകിയ പ്രോജക്ടുകളിൽ ഇനി എത്ര എണ്ണത്തിന് അംഗീകാരം നൽകാനുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം പൂൾഡ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ഒ. ആർ. കേളു): സർ,

(എ) പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനും വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേന ബന്ധപ്പെട്ട വകുപ്പുകളുടെകൂടി വിഹിതമുൾപ്പെടുത്തി സമർപ്പിക്കുന്ന പദ്ധതികളാണ് പൂൾഡ് ഫണ്ടിൽ നടപ്പാക്കുന്നത്. വയനാട്, വൈത്തിരി, മേപ്പാടി ഗ്രാമപഞ്ചായത്തിലെ മണ്ണാത്തിക്കുണ്ട്, പട്ടികജാതി നഗറിലെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തി, പട്ടികജാതിക്കാരുടെ പരമ്പരാഗത തൊഴിൽ, പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി, ASAP (Additional Skill Acquisition Programme)-നുകീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് എന്നിവയാണ് നിലവിൽ നടന്നുവരുന്നത്. വിശദാംശങ്ങൾ അനുബന്ധം 1 ആയി +ചേർത്തിരിക്കുന്നു.

(ബി) പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിന് നിലവിൽ പുതിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) ഈ സർക്കാർ വന്നതിനുശേഷം പൂൾഡ് ഫണ്ടിൽനിന്ന് തുക ചെലവഴിക്കുന്നതിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല.

---

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, പൂൾഡ് ഫണ്ട് മുഖാന്തരം പട്ടികജാതി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ പ്രോജക്ടുകളാണ് സമർപ്പിക്കുന്നത്. എന്നാൽ 2015-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലയളവിൽ 5 കോടി രൂപയായിരുന്നു ഈയിനത്തിൽ അനുവദിച്ചിരുന്നത്. ഈ വർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ ആ തുക 50 ലക്ഷം രൂപയായി കുറഞ്ഞിരിക്കുന്നുവെന്നാണ് കാണാൻ സാധിച്ചത്. അതുപോലെ 2023-2024 ജനുവരിയിൽ ഗവൺമെന്റ് നൽകിയ മറുപടിയിൽ, ഈ 50 ലക്ഷം രൂപയിൽ നിന്നും എക്സ്പെൻഡിച്ചർ ഒന്നുംതന്നെ ഉണ്ടായിട്ടില്ലെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ പൂൾ ഫണ്ടിൽ എന്തുകൊണ്ടാണ് കുറവുണ്ടായിട്ടുള്ളത്; ഇതുമുഖാന്തരം പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ തടസ്സപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ കുറവ് എങ്ങനെ പരിഹരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, കാലാനുസൃതമായി പൂൾഡ് ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയാണ് ഈയിനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ആവശ്യാനുസരണം മറ്റ് ലൈൻ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും ലഭിക്കാത്ത

സാഹചര്യവും നിലനിൽക്കുകയാണ്. അതിനാൽ ആ കാര്യങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിക്കുന്ന സമയത്ത് പ്ലാനിംഗുമായി ബന്ധപ്പെട്ട്, ആ കാര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി നൽകുന്ന ധനസഹായം തടസ്സപ്പെട്ട് കിടക്കുന്നതായി കാണാൻ കഴിയുന്നു. അതോടൊപ്പംതന്നെ തൊഴിൽ തേടി പോകുന്നവർക്ക് രണ്ട് ഗഡുക്കളായി നൽകുന്ന ഒരു ലക്ഷം രൂപയും ഇപ്പോൾ ലഭിക്കുന്നില്ല. അതിന് വലിയ കാലതാമസവും കുടിശ്ശികയും ഉണ്ടാകുന്നു. കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട് ഒരു വ്യക്തി എന്റെ അടുത്ത് വരികയുണ്ടായി. ഇക്കാര്യത്തെക്കുറിച്ച് എറണാകുളത്തെ പട്ടികജാതി ഓഫീസറുമായി സംസാരിച്ചപ്പോൾ ഫണ്ടിന്റെ അപര്യപ്തതമൂലമായിരിക്കാം, ഇപ്പോൾ കിട്ടാൻ വലിയ കാലതാമസം ഉണ്ടാകുന്നത് എന്ന് പറഞ്ഞു. ജോലി സംബന്ധമായി വിദേശത്തേയ്ക്ക് പോകുന്ന വ്യക്തികൾക്ക് നൽകുന്ന ഒരു ലക്ഷം രൂപ കാലതാമസം കൂടാതെ നൽകാനും

ഒപ്പംതന്നെ, പഠനത്തിനായി പോകുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന ധനസഹായം വേഗത്തിൽ നൽകുവാനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ വളരെ ശരിയാണ്. വിദേശത്ത് പഠിക്കുന്നതിനും അവിടെ ജോലി ലഭിക്കുന്നതിനുംവേണ്ടി ഒരു ലക്ഷം രൂപ, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 25 ലക്ഷം രൂപ എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പക്ഷേ, പ്രസ്തുത ഫണ്ട് വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. ആ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ചോദ്യത്തിന് ഞാനിവിടെ മറുപടി പറഞ്ഞിരുന്നു. ആ കാര്യങ്ങൾ വളരെ വേഗത്തിൽത്തന്നെ ഇടപെട്ട് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ, പൂൾഡ് ഫണ്ട് തുക കുറഞ്ഞുവരുന്നതിനെ കുറിച്ച് പറഞ്ഞിരുന്നു. പദ്ധതികൾ ലഭിക്കാത്തതുകൊണ്ടാണ് ആസൂത്രണം ചെയ്യുന്ന സമയത്ത് ഇക്കാര്യങ്ങൾ ആലോചിക്കാമെന്ന് പറഞ്ഞത്. നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട

കുട്ടികളുടെ സ്കോളർഷിപ്പ്, വിവിധ ആനുകൂല്യങ്ങൾ തുടങ്ങിയവ സമയത്ത് നൽകാൻ പറ്റാത്തതുകൊണ്ട് വളരെയേറെ വിദ്യാർത്ഥികൾ വിഷമിക്കുകയാണ്. അതുപോലെത്തന്നെ ചികിത്സാ സഹായത്തിനായി വളരെ പ്രതീക്ഷയോടെയാണ് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തുവച്ച് അപേക്ഷ നൽകുന്നത്. നേരത്തെ അതെല്ലാം കൃത്യമായി ലഭിക്കുമായിരുന്നു. ഇപ്പോൾ വർഷങ്ങളുടെ കുടിശ്ശികയാണ് ഇക്കാര്യത്തിലുള്ളത്. നമ്മുടെ ജില്ലാ ഓഫീസുകളിലൊന്നും ദീർഘനാളായി പണം വരുന്നില്ല. ആയതിനാൽ ചികിത്സാ സഹായത്തിന്റെ കാര്യത്തിൽ പാവപ്പെട്ട രോഗികളായ പട്ടികജാതിക്കാരും പഠിക്കാനുള്ള കാര്യത്തിൽ വിദ്യാർത്ഥികളും ഇന്ന് അനുഭവിക്കുന്ന യഥാസമയം തുക ലഭിക്കാത്ത വിഷയം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അക്കാര്യം ഞാനിപ്പോൾ സൂചിപ്പിച്ചുകഴിഞ്ഞു. ചെറിയ പ്രയാസം നേരിടുന്നുണ്ട് എന്നകാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. അക്കാര്യങ്ങൾ തീർച്ചയായും വളരെ പെട്ടെന്നുതന്നെ വേഗത്തിലാക്കാനുള്ള നടപടി മന്ത്രി എന്നുള്ള നിലയ്ക്ക് സ്വീകരിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, എസ്.റ്റി. ഭൂരിപക്ഷ മേഖലകളിലേയ്ക്ക് റോഡുകൾ നിർമ്മിക്കുന്നതിന് കോർപ്പസ് ഫണ്ടുകൾ വിനിയോഗിക്കുന്നുണ്ട്. തൊടുപുഴ നിയോജക മണ്ഡലത്തിലെ ഉടുമ്പന്നൂർ പഞ്ചായത്തിലെ ഉപ്പുകുന്ന് വലിയമാവ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഈ കോർപ്പസ് ഫണ്ട് വിനിയോഗിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഈ പദ്ധതികളുടെ ചില പോരായ്മകൾ പരിഹരിക്കുന്നത് കോർപ്പസ് ഫണ്ട് ഉപയോഗിച്ചാണ്. കോർപ്പസ് ഫണ്ടുകൾ വിനിയോഗിക്കുന്ന 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കുള്ള അംഗീകാരം നൽകുന്നത് ജില്ലാതലത്തിലുള്ള വർക്കിംഗ് ഗ്രൂപ്പാണ്. 25 ലക്ഷത്തിന് മുകളിലുള്ള പദ്ധതികൾ സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിലാണ് പരിശോധിച്ച് അംഗീകാരം നൽകുന്നത്. ഏറ്റവും താഴെത്തട്ടിലുള്ള ഗ്രാമപഞ്ചായത്ത് മുഖേന ജില്ലാ തലത്തിലേയ്ക്ക് അതിന്റെ നിർദ്ദേശം വരികയും ജില്ലാതലത്തിൽ പരിശോധിച്ചുകൊണ്ട് അത് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് വരികയും സംസ്ഥാന വർക്കിംഗ് ഗ്രൂപ്പ് അത് പരിശോധിച്ച് അനുയോജ്യമാണ്, അത് ഫീസിബിളാണ്, അല്ലെങ്കിൽ പ്രയോറിറ്റി നൽകേണ്ട കാര്യമാണെന്ന്

ബോധ്യപ്പെടുന്ന മുറയ്ക്ക് അത്തരം പദ്ധതിക്ക് അംഗീകാരം കൊടുത്ത് നടപ്പാക്കുന്നതിനുവേണ്ടി ശ്രമിക്കും. പട്ടികവർഗ്ഗ ഏരിയകളിലേയ്ക്ക് പലപ്പോഴും റോഡില്ലാത്തത് പല വിഷയങ്ങൾക്കും കാരണമായി ഇവിടെത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പരിഹരിക്കുന്നതിനായി വളരെ പ്രയോറിറ്റി കൊടുത്തുകൊണ്ടുതന്നെ പരിശോധിക്കും.

ശ്രീ. മാണി സി. കാപ്പൻ: സർ, പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള പൂൾഡ് ഫണ്ട് യഥാസമയം വിനിയോഗിക്കാതെ ലാപ്സായിപ്പോയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, 3 പദ്ധതികളാണ് ഇവിടെ നേരത്തെ നടപ്പാക്കിയിട്ടുള്ളത്. അതിൽ ചില കാലതാമസങ്ങൾ വന്നിട്ടുണ്ട്. ഈ പറഞ്ഞതുപോലെ, നേരത്തെ ലൈൻ ഡിപ്പാർട്ട്മെന്റും വകുപ്പുംകൂടി ചേർന്നുകൊണ്ടാണ് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത്. ഏറ്റെടുക്കുന്ന ഏജൻസികളുടെ ചില പോരായ്മകളുമൊക്കെ ഇതിൽ സംഭവിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ വരാതിരിക്കുന്നതിനുവേണ്ടി പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുന്ന

വകുപ്പ് ഏജൻസിയുമായി അടിയന്തര മീറ്റിംഗുകൾ കൂടി അത്തരം കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, കോളനികൾ എന്നുള്ള പ്രയോഗം ഒഴിവാക്കിയത് വളരെ നല്ല കാര്യമാണ്. അതുകൊണ്ടുമാത്രമായില്ല. മൈഗ്രേഷൻ പ്രോത്സാഹിപ്പിക്കാതെ എസ്.സി./എസ്.റ്റി. ജനവിഭാഗത്തിന്റെ സ്ഥായിയായ ജീവിതസാഹചര്യത്തിൽ മെച്ചമുണ്ടാക്കാൻ കഴിയില്ല. എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന എത്ര കുട്ടികളാണ് സ്കോളർഷിപ്പോടുകൂടി, നമ്മുടെ ഡിപ്പാർട്ട്മെന്റ് നൽകുന്ന സ്റ്റൈപെന്റോടുകൂടി വിദേശ രാജ്യങ്ങളിൽ പോയി പഠിക്കുന്നത് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും കണക്ക് നമ്മുടെ കൈവശമുണ്ടോ? എസ്.റ്റി. വിഭാഗത്തിൽപ്പെടുന്ന എത്ര പേർ വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നുണ്ട് എന്നതിനെ സംബന്ധിച്ച എന്തെങ്കിലും വ്യക്തതയും വകുപ്പിന്റെ കൈവശമുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, അക്കാര്യങ്ങളെ സംബന്ധിച്ച് നേരത്തെ ഈ സഭയിൽ റിപ്പോർട്ട് ചെയ്തതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലായി നിരവധി കുട്ടികളെ വിദേശത്ത് പഠിപ്പിക്കുകയും അവിടെ ജോലി

ലഭ്യമാക്കുകയും ചെയ്തിട്ടുള്ളത്. ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലായി 600-ൽ അധികം കുട്ടികളെയാണ് നമ്മൾ വിദേശത്തേയ്ക്ക് അയച്ചിരിക്കുന്നത്. അത്തരം കുറേ കുട്ടികൾ അവിടെ യൂണിവേഴ്സിറ്റികളിൽ പഠിക്കുകയും കുറേ കുട്ടികൾ മറ്റ് ഇതര സ്ഥാപനങ്ങളിൽ ജോലി എടുത്തുകൊണ്ട് 600-ൽ അധികം കുട്ടികൾ ഇപ്പോൾ വിദേശ രാജ്യങ്ങളിൽ ജോലികളിലും പഠനത്തിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബനാഥൻ അതായത്, ഏകദായ വരുമാനക്കാരൻ മരിച്ചാൽ 2 ലക്ഷം രൂപ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. 22-11-2018-ൽ ആണ് ബഹുമാന്യനായ അന്നത്തെ പട്ടികജാതി വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, അന്ന് 50,000 രൂപയായിരുന്നത് 2 ലക്ഷം രൂപയാക്കി ഉയർത്തിയത്. എന്റെ മണ്ഡലത്തിൽ 100 പേർക്ക് 2 ലക്ഷം രൂപവച്ച് ലഭിക്കാനുണ്ട്. അതായത്, 200 ലക്ഷം രൂപ എന്റെ മണ്ഡലത്തിൽ ലഭിക്കാനുണ്ട്. വളരെ പാവങ്ങളാണ് അവർ. അവരിൽ പലരും വിളിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ഇതുസംബന്ധിച്ച് മിനിഞ്ഞാന്ന് മന്ത്രിയോട് സൂചിപ്പിച്ചിരുന്നു. അതുപോലെത്തന്നെ

കുടുംബനാഥൻ മരിച്ചാൽ അപേക്ഷ നൽകേണ്ട കാലാവധി, മാപ്പപേക്ഷ നൽകാൻ ഒരു വർഷമാണ്. അത്തരം കാര്യങ്ങളിൽ ചിലർക്ക് അജ്ഞതയാണ്. പാവങ്ങൾക്ക് ഇതിൽ വലിയ അറിവൊന്നുമില്ല. അതുകൊണ്ട് പ്രസ്തുത കാലാവധി രണ്ട് വർഷമായി ഉയർത്തുകയും കുടിശ്ശികയുള്ള തുക അടിയന്തരമായി നൽകുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ട് എനിക്ക് കത്ത് നൽകിയിട്ടുണ്ട്. അത് പരിശോധിച്ച് അക്കാര്യങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിക്കപ്പെടുന്ന തുക വിനിയോഗിക്കുന്ന കാര്യത്തിൽ ഏറ്റവും പിറകിൽ നിൽക്കുന്ന സംസ്ഥാനമായി നമ്മൾ മാറുകയാണ്. നമ്മുടെ പരിസരത്തുള്ള മറ്റ് സ്റ്റേറ്റുകളെ അപേക്ഷിച്ച്, പ്രത്യേകിച്ച് കർണ്ണാടക ഉൾപ്പെടെയുള്ള സ്റ്റേറ്റുകളെ അപേക്ഷിച്ച് ഏറ്റവും ചെറിയ എക്സ്പെന്റീച്ചറാണ് നമ്മുടെ സ്റ്റേറ്റിന് ഉണ്ടാകുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ എക്സ്പെന്റീച്ചർ കുറയുന്നത്; ഇത്

തടയാൻ പരമാവധി ധനവിനിയോഗം നടക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. ഒ. ആർ. കേളു: സർ, ഈ പറഞ്ഞതുപോലെ, പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികൾ കുറേയൊക്കെ ലാപ്സാകുന്നുണ്ടെന്നത് ശരിയാണ്. ഇപ്പോൾ ഏറ്റവും കൂടുതൽ ഫണ്ട് നമ്മൾ അലോട്ട് ചെയ്യുന്നത് ലോക്കൽ ബോഡിക്കാണ്. ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാപഞ്ചായത്തുകൾക്കും ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്. പക്ഷേ, ലോക്കൽ ബോഡികൾ സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതും കാലതാമസം നേരിടുന്നതും ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ കുറവ് വരുന്നുണ്ട് എന്നുള്ള കാര്യം ശരിയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പല പദ്ധതികളും അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തരമാണ് നടപ്പാക്കുന്നത്. പ്രസ്തുത ഏജൻസികൾ സമയബന്ധിതമായി ഈ പദ്ധതി പൂർത്തിയാക്കാത്തതും ഫണ്ട് ലാപ്സാകുന്നതിന് കാരണമാകുന്നുണ്ട്. അക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യങ്ങളിൽ വളരെ അടിയന്തരമായി

അക്രഡിറ്റഡ് ഏജൻസികളുടെ യോഗം വിളിച്ചുചേർത്ത് അവർക്ക് കർശന നിർദ്ദേശം നൽകുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര പട്ടികജാതി കുടുംബങ്ങളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; ഈയിനത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും കേന്ദ്ര സർക്കാരിൽനിന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എത്ര തുക വീതം ലഭിച്ചിട്ടുണ്ട്; എത്ര ചെലവഴിച്ചു എന്നിവ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് ഈ വിഭാഗത്തിന് ഭവന നിർമ്മാണം നടപ്പാക്കുന്നത്. അതിന്റെ കണക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം 1,95,934 കുടുംബങ്ങളെ ഭവനരഹിത ലിസ്റ്റിലും 87,836 കുടുബങ്ങളെ ഭൂരഹിത ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ശരാശരി 1139.30 കോടി രൂപ ലൈഫ് മിഷനുവേണ്ടി കൈമാറിയിട്ടുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പട്ടികജാതി കുടുംബങ്ങളുടെ സംരക്ഷണത്തിനും പട്ടികജാതി നഗർ പരിഷ്കരിക്കുന്നതിനും നിരവധി

പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികളെല്ലാം ഏറ്റെടുത്തിട്ടുള്ള ഏജൻസികൾ സമയബന്ധിതമായും കൃത്യമായും ഈ ഉത്തരവാദിത്വം നിറവേറ്റുന്നില്ല. പല പ്രവർത്തനങ്ങളും നടക്കാതെ വരുമ്പോൾ, നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, കോർപ്പസ് ഫണ്ട് ഉപയോഗിക്കേണ്ടി വരികയാണ്. ഉദ്യോഗസ്ഥരുടെ ഇടപെടലും വളരെ പരിതാപകരമാണ്. ഇക്കാര്യങ്ങളെല്ലാം സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി ഇപ്പോൾ പ്രഖ്യാപിച്ച് തുടങ്ങിയിട്ടുള്ള പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. അധികം പദ്ധതികളും ഏറ്റെടുക്കുന്നത് ഈ ഏജൻസികളാണ്. കോർപ്പസ് ഫണ്ടിലുള്ള പദ്ധതികളായാലും അംബേദ്കർ ഗ്രാമപദ്ധതി ആയാലും ഏജൻസികളാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത ഏജൻസികൾ വലിയ രീതിയിലുള്ള കാലതാമസം ഉണ്ടാക്കുന്നു എന്നുള്ളത് വസ്തുതയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അത്തരം ഏജൻസികളുടെ യോഗം കൃത്യമായി വിളിച്ച്

ചേർത്തുകൊണ്ട് കർശന നിർദ്ദേശം നൽകുകയും ജില്ലാ അടിസ്ഥാനത്തിലും സ്റ്റേറ്റ് അടിസ്ഥാനത്തിലും ശക്തമായ അവലോകനം നടത്തിക്കൊണ്ട്, ശക്തമായ മോണിറ്ററിംഗ് നടത്തിക്കൊണ്ട് ഈ പദ്ധതികൾ വേഗത്തിലാക്കുന്നതിനുള്ള രൂപരേഖയാണ് ഇപ്പോൾ നടത്താൻ ഉദ്ദേശിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ഏജൻസികൾക്ക് വർക്ക് കൊടുക്കുന്നതുകൊണ്ടാണ് ഈ പ്രയാസം നേരിടുന്നത്, അവർക്ക് ഇരുപത് ശതമാനം അഡ്വാൻസ് കൊടുക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവരെ ഒഴിവാക്കി എൽ.എസ്.ജി.ഡി.യെ ഇക്കാര്യം ഏൽപ്പിക്കാൻ തയ്യാറായാൽ ഈ കാര്യങ്ങൾ പെട്ടെന്ന് നടക്കും എന്നാണ് ഞങ്ങൾ മനസിലാക്കുന്നത്, അതിനായുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, ഇപ്പോൾ അവസാനമായി ഇറക്കിയ ഉത്തരവിൽ ആ കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസി/ ലോക്കൽ ബോഡി എന്ന നിലയ്ക്ക് നമ്മൾ പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

അത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.മാർക്ക് മണ്ഡലാടിസ്ഥാനത്തിൽ പരിശോധിക്കാവുന്നതാണ്.

## പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി

(*364) ശ്രീ വി ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തുണ്ട് ഭൂമിയും സുരക്ഷിതമായ വീടും എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ചവരും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട് പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് വേണ്ടി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദാംശം നല്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ,

(എ) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നതിന് ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3,75,000/- രൂപയും നഗരസഭ/കോർപ്പറേഷൻ പരിധിയിൽ

കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി യഥാക്രമം 4,50,000/- രൂപ, 6,00,000/- രൂപയും ധനസഹായം അനുവദിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 26,882 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയും ഭവന നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നുണ്ട്.

സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പടുത്തിയാണ് ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ ഒന്നാം ഘട്ടം), ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം (ലൈഫ് മിഷൻ രണ്ടാം ഘട്ടം), ഭൂരഹിത ഭവനരഹിത പുനരധിവാസം (ലൈഫ് മിഷൻ മൂന്നാം ഘട്ടം) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലായാണ് ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കുന്നത്.

2017-18 മുതൽ നടപ്പിലാക്കുന്ന ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത 19,153 പട്ടികജാതി

ഭവനങ്ങൾ പൂർത്തീകരിച്ചു. ലൈഫ് മിഷൻ രണ്ടും മൂന്നും ഘട്ടങ്ങളിലായി നാളിതുവരെ പട്ടികജാതിയിൽപ്പെട്ട 75,655 കുടുംബങ്ങൾക്ക് പുതിയ ഭവനം അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങളുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന "സേഫ്" പദ്ധതി പ്രകാരം അർഹരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവന പൂർത്തീകരണം/പുനരുദ്ധാരണത്തിനായി രണ്ടു ലക്ഷം രൂപ വീതം അനുവദിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം 5,842 പേർക്കും 2023-24 സാമ്പത്തിക വർഷം 6,514 പേർക്കും ആകെ 12,356 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 6,215 ഭവനങ്ങളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഭവനരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. 2017-18 മുതൽ നാളിതുവരെ ലൈഫ് മിഷൻ മുഖേന 75,655 പേർക്ക് വീടുകൾ അനുവദിച്ചതിൽ 53,350 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ജില്ലാതലത്തിലും സർക്കാർ തലത്തിലും കൃത്യമായ അവലോകന യോഗങ്ങൾ നടത്തി നിർമ്മാണ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(ഡി) ലൈഫ് പദ്ധതിയിൽ അർഹരായ ഗുണഭോക്താക്കളെ സുതാര്യമായ തെരഞ്ഞെടുപ്പ് നടത്തുന്നതിനാൽ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

<u>ശ്രീ. വി. ശശി</u>: സർ, സ്വന്തമായി വീടില്ലാത്ത, സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിവരങ്ങൾ ഡിപ്പാർട്ടുമെന്റ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ഞാൻ നേരത്തേ സൂചിപ്പിച്ചു, ഭൂമിയും വീടും ലൈഫ് പദ്ധതിയിലാണ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഒന്നാമത്തെ കാറ്റഗറിയിൽ നടപ്പാക്കുന്നത് വീടില്ലാത്തവർക്ക് വീട് ലഭ്യമാക്കുകയും രണ്ടാംഘട്ടത്തിൽ, ഭൂമിയുണ്ട്, വീട് ഇല്ല എന്നുള്ള കാറ്റഗറിയിൽ വീട് ലഭ്യമാക്കുകയും സ്ഥലവും വീടും ഇല്ലെങ്കിൽ സ്ഥലവും വീടും ലഭ്യമാക്കുകയും

ചെയ്യുന്ന രീതിയിലാണ് ലൈഫ് മിഷൻ മുഖാന്തരം പദ്ധതി നടപ്പിലാക്കിവരുന്നത്. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതർ 87836 പേരാണ്. ഭവനരഹിതർ 195934 പേരാണ്. ലൈഫ് മിഷൻ അനുവദിച്ച വീടുകളിൽ ആദ്യഘട്ടം പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണം - 19153, വകുപ്പ് കൈമാറിയ തുക ഉപയോഗിച്ച് പുതിയ വീടുകൾ അനുവദിച്ചത് - 75655, മറ്റ് ഫണ്ടുകൾ ഉൾപ്പെടെ വിനിയോഗിച്ച് ആകെ അനുവദിച്ച വീടുകൾ - 112405, മൂന്നാംഘട്ടമായി ഭൂമി ലഭിച്ചവരിൽ വീട് അനുവദിച്ചവർ -10957, ആകെ പുതിയ ഭവനം ലഭിച്ചവർ- 123361, ഭവനം പൂർത്തിയാക്കിയവർ -90865, ഒന്നാം ഘട്ടം ഉൾപ്പെടെ ആകെ വീട് അനുവദിച്ചവർ - 142928, ഒന്നാംഘട്ടം ഉൾപ്പെടെ ആകെ ഭവനം പൂർത്തിയാക്കിയവർ - 110018, ലൈഫ് മിഷൻ പദ്ധതി മുഖേന ഭൂമി അനുവദിച്ചത് -11807, പട്ടികജാതി വികസന വകുപ്പ് അനുവദിച്ചത്-26882, ആകെ ഭൂമി ലഭിച്ചവർ 38689. ലൈഫ് മിഷൻ പദ്ധതിയിൽ അവശേഷിക്കുന്നതിൽ ഭൂരഹിതർ - 49147, ഭവനരഹിതർ-72572 എന്നിങ്ങനെയാണ് അതിന്റെ കണക്കുകൾ.

<u>ശ്രീ. വി. ശശി</u>: സർ, ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനം നിർമ്മിക്കുന്നതിന് ഡിപ്പാർട്ടുമെന്റിൽനിന്നും ഇതുവരെ എത്ര കോടി രൂപയാണ് അനുവദിച്ചത്; അനുവദിച്ച തുക പ്രകാരമുള്ള വീടുകൾ നിർമ്മിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, ആ കാര്യങ്ങൾ ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. ലൈഫ് മിഷൻ പദ്ധതി പ്രകാരം 195934 കുടുംബങ്ങളെ ഭവനരഹിത ലിസ്റ്റിലും 87836 കുടുംബങ്ങളെ ഭൂരഹിത ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ലൈഫ് മിഷൻ ആദ്യഘട്ടമായി ഉൾപ്പെടുത്തിയ, പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി ഏറ്റെടുത്ത് പൂർത്തീകരിച്ച 19153 വീടുകൾകൂടി ഉൾപ്പെടുത്തി ആകെ 110018 വീടുകൾ പൂർത്തിയായിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നാളിതുവരെ 1139.30 കോടി രൂപയാണ് ലൈഫ് മിഷൻ മുഖേന ഭവന പദ്ധതിക്കായി കൈമാറിയിട്ടുള്ളത്, അല്ലെങ്കിൽ ചെലവഴിക്കപ്പെട്ടിട്ടുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, വിവിധ കാരണങ്ങളാൽ പൂർത്തീകരണത്തിലേയ്ക്ക് എത്തിപ്പെടാത്ത വീടുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അടച്ചുറപ്പുള്ളതും പൂർണ്ണ സുരക്ഷിതത്വത്തോടുകൂടിയതുമായ ഭവനങ്ങൾ ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, അതിനായി ഒരു പദ്ധതി ഇപ്പോൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്, “ സേഫ്” പദ്ധതി. പല കാരണങ്ങൾകൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കാതെ പാതിവഴിയിൽ നിൽക്കുന്ന വീടുകൾ അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ് “ സേഫ്” പദ്ധതിയിൽ രണ്ട് ലക്ഷം രൂപ അനുവദിച്ച് കാര്യങ്ങൾ ക്രമീകരിക്കുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, സംസ്ഥാനത്ത് ഭവനരഹിതർക്ക് ആശ്വാസമായി ഭവന നിർമ്മാണ വകുപ്പ് മന്ത്രിയായിരുന്ന എം. എൻ. ഗോവിന്ദൻ നായർ നടപ്പിലാക്കിയ 'എം. എൻ. ലക്ഷം വീടുകളിൽ ' ഏറിയപങ്കും പട്ടികജാതി പിന്നാക്ക വിഭാഗങ്ങളാണ് താമസിക്കുന്നത്. ഇതിൽ മിക്ക

വീടുകളും ഇപ്പോൾ വാസയോഗ്യമല്ല. ലക്ഷം വീടുകളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, വളരെനേരത്തെ നമ്മൾ നടപ്പിലാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് "എം. എൻ. ലക്ഷം വീട്" പദ്ധതി. അത്തരം വീടുകളിൽ രണ്ട് കുടുംബങ്ങൾക്ക് ഒരേ സമയത്ത് താമസിക്കാവുന്ന രീതിയിലുള്ള വീടുകളാണ് പഴയകാലത്ത് നമ്മൾ നിർമ്മിച്ചുകൊടുത്തത്. അവയിൽ പലതും കാലഹരണപ്പെട്ടുപോയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പല കാര്യങ്ങളും പരിശോധിച്ചുവരുമ്പോൾ അത്തരം വീടുകളിൽ ഇപ്പോഴും പല കുടുംബങ്ങളും താമസിക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. പക്ഷേ, ഇപ്പോൾ നമ്മൾ ലൈഫ് പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ പരമാവധി ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ കാര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരികയാണെങ്കിൽ പരിശോധിച്ച് കാര്യങ്ങൾ ക്രമീകരിക്കുന്നതാണ്. എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അത് "സേഫ്" പദ്ധതിയിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പരിശോധന നടത്താം.

ശ്രീ. സി. സി. മുകുന്ദൻ: സർ, പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഏകവരുമാനദായകർ മരണപ്പെട്ടതിനെത്തുടർന്ന് ഭവനനിർമ്മാണം പൂർത്തീകരിക്കാനാകാത്ത സാഹചര്യം ഉണ്ടായാൽ അങ്ങനെയുള്ളവരെ പ്രത്യേകം പരിഗണിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ധനസഹായം നൽകാൻ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, ഞാൻ നേരത്തെ പറഞ്ഞിരുന്നു, പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നത് "സേഫ്" പദ്ധതിയിലാണ്. പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷകൾ വാങ്ങിക്കുകയും പ്രയോരിറ്റിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്, ഡിപ്പാർട്ടുമെന്റ് തലത്തിലാണ് അതിന്റെ പരിശോധന നടത്തുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കാര്യങ്ങൾ പരിശോധിക്കുമ്പോൾ വളരെ പാവപ്പെട്ട ഒരു കുടുംബമാണെങ്കിൽ മുൻഗണന കൊടുത്തുകൊണ്ട് നടപ്പാക്കുന്ന കാര്യം പരിശോധിക്കാം. (*365)

**ജല സംരക്ഷണ പ്രവർത്തനങ്ങൾ**

(*365) <u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയുടെ ലഭ്യതയിൽ വന്നിട്ടുള്ള വ്യതിയാനവും മഴക്കാലം കഴിഞ്ഞ് അധികകാലം കഴിയുന്നതിന് മുൻപുതന്നെ ചില പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുന്ന സാഹചര്യവും കണക്കിലെടുത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലം കടുത്ത ജല ദൗർലഭ്യം അഭിമുഖീകരിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം ജല സംരക്ഷണ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ&ബി) ഉണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനം ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/പുനരുദ്ധാരണം/സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനൊപ്പം നദികളിലേക്ക് എത്തിച്ചേരുന്ന പ്രധാന കൈവഴികളിലും തോടുകളിലും ചെറുതടയണകൾ/വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിച്ച് നീരൊഴുക്ക് സ്ഥായിയാക്കി ജലസംഭരണവും അതേസമയം ഭൂജലപോഷണവും സാധ്യമാക്കുന്നു.

"സംയോജിത നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്- ടു-വാലി" സമീപനത്തോടെ ചിട്ടപ്പെടുത്തി അവ പുന:രുദ്ധരിച്ച് സംഭരണശേഷി

വർദ്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കാനും, ഭൂജല പോഷണം വർദ്ധിപ്പിക്കാനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിച്ചുവയ്ക്കുന്നതിനും ഭൂഗർഭ ജല ചാർജിംഗ് വർദ്ധിപ്പിക്കുന്നതിനുമായി കേരള വാട്ടർ അതോറിറ്റി അവലംബിച്ചിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർത്തിരിക്കുന്നു.

- പുഴയ്ക്ക് കുറുകെ താൽക്കാലിക തടയണകൾ/സ്ഥിരം തടയണകൾ നിർമ്മിക്കുക.
- റിസർവോയറുകൾ (ഡാമുകൾ)-ടെ ഉയരം വർദ്ധിപ്പിച്ച് കൂടുതൽ ജലം സംഭരിക്കുക.
- ചെക്ക് ഡാമുകളിലെ കാലഹരണപ്പെട്ട ഷട്ടറുകൾ മാറ്റിസ്ഥാപിച്ച് വേനൽക്കാലത്ത് ആവശ്യമായ കരുതൽ ശേഖരം നിലനിർത്തുക.
- സ്ഥിരം തടയണകളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ചീർപ്പ് സ്ഥാപിക്കുക.

- കുടിവെള്ളത്തിനായി പമ്പ് ചെയ്യുന്ന കിണറുകളിലെ തടസ്സങ്ങൾ മാറ്റി നീരൊഴുക്ക് കൂട്ടുവാനായി നീർച്ചാലുകളുടെ ആഴം കൂട്ടുക.
- ഇൻടേക്ക് ഗ്യാലറിക്ക് കുറുകെയുള്ള ചെളി മാറ്റി വൃത്തിയാക്കിയും പുഴയിൽ വെള്ളമുള്ള ഭാഗങ്ങളിൽനിന്നും ചാലുകീറി അതിലൂടെ വെള്ളം ഇൻടേക്ക് ഗ്യാലറിയിൽ എത്തിച്ചും കുടിവെള്ള വിതരണം സുഗമമാക്കുക.
- ഭൂജല വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും സംപോഷണവും എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / മഴക്കുഴികൾ/കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2016 -17 മുതൽ 2023-24-വരെ 1051 വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

- അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ സെഡിമെന്റ്സ് നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ അണക്കെട്ടുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തിവരുന്നു.

- കുറ്റ്യാടി ജലസേചന പദ്ധതിയിൽ മഴക്കാലത്ത് വെള്ളം സംഭരിച്ച് വച്ച് വേനൽക്കാലത്ത് കനാലുകൾ വഴി ജലവിതരണം നടത്തുന്നതുമൂലം ജനങ്ങൾക്ക് കൃഷിക്കും കുടിവെള്ളത്തിനുമായുള്ള വെള്ളം ലഭിച്ചുവരുന്നു.

- പഴശ്ശി ജലസേചന പദ്ധതിയിൽ മുടങ്ങിക്കിടന്ന പഴശ്ശി കനാൽ വഴിയുള്ള ജലവിതരണത്തിന്റെ പുനരുദ്ധാരണം കഴിഞ്ഞുള്ള മൂന്നാംഘട്ട ട്രയൽ റണ്ണിൽ കനാലിന്റെ സമീപപ്രദേശങ്ങളിലെ വാട്ടർ ടേബിൾ ഉയരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

- 2024 ഏപ്രിൽ 17 മുതൽ 4 ദിവസം തുടർച്ചയായി കാരാപ്പുഴ ഡാമിലെ ജലം കബനിയിലേക്ക് ഒഴുക്കിവിട്ടതിനാൽ കബനി നദിയിലേയും, പോഷക നദികളിലെയും ചെക്ക് ഡാമുകൾ ഉൾപ്പെടെ നിറഞ്ഞ് 62 കിലോമീറ്റർ ദൂരം ജലസമൃദ്ധിയിലാക്കി സംസ്ഥാന അതിർത്തിയായ മരക്കടവിലെത്തിക്കുവാനും സാധിച്ചു. മലമ്പുഴ, മംഗലം, പോത്തുണ്ടി,

മീങ്കര, വാളയാർ, ചുള്ളിയാർ, കാഞ്ഞിരപ്പുഴ എന്നീ ഡാമുകളിൽനിന്നും മൂലത്തറ റെഗുലേറ്റർ കം ബ്രിഡ്ജിൽ നിന്നും ജലവിതരണം നടത്തുന്നത് Turn system അനുസരിച്ചാണ്. ആവശ്യമെങ്കിൽ കനാലുകളിലൂടെയുള്ള ജലവിതരണം ക്രമീകരിച്ച് ജലദൗർലഭ്യം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ജലവിതരണത്തിനുമുമ്പ് കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കനാൽ വൃത്തിയാക്കുകയും ചെയ്ത് ജലനഷ്ടം പരമാവധി കുറയ്ക്കാൻ ശ്രമിക്കാറുണ്ട്.

- കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വരൾച്ചയെ ഒരു പരിധിവരെ അതിജീവിക്കാൻ കഴിയത്തക്കനിലയിൽ സംസ്ഥാനത്ത് ശാസ്ത്രീയമായ ജല മാനേജ്മെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയുടെ റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്ന പദ്ധതി നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് കീഴിൽ നടപ്പിലാക്കിവരുന്നു.

- സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 227 തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ 208 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ജലബജറ്റ് തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജല ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവിൽ ജല ലഭ്യത ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ ജലസുരക്ഷാ പ്ലാൻ തയ്യാറാക്കി നിർവ്വഹണത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. നീർച്ചാലുകൾ ഉൾപ്പെടുന്ന നീർച്ചാൽ ശൃംഖലകൾ പൂർണ്ണമായും വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് സഹായകരമായ രീതിയിൽ ‘ 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം'' എന്ന പേരിൽ ഒരു ക്യാമ്പയിൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ഐ.ടി. മിഷന്റെ കൂടി സഹകരണത്തോടെ ഈ പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം 210 ഇടങ്ങളിലും ഇതിനകംതന്നെ ജനകീയമായി പൂർത്തീകരിക്കാനായിട്ടുണ്ട്. മാപ്പിംഗ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ

നീർച്ചാൽ വീണ്ടെടുക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 1044 കി.മീ. നീർച്ചാലുകൾ ഇതിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

- ജലബജറ്റ് തയ്യാറാക്കിയ പ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെറുനീർത്തടങ്ങളെ ആസ്പദമാക്കി ‘ നീരുറവ്’ ജലസംരക്ഷണത്തിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി നിർവഹണം നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ പ്രവർത്തനം ഹരിതകേരളം മിഷന്റെ കൂടി നേതൃത്വത്തിൽ കൂടുതൽ വിപുലമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിവരുന്നു. ‘ സുരക്ഷിതമാക്കാം പശ്ചിമഘട്ടം’ പദ്ധതിയുടെ ഭാഗമായി മാപിംഗ് നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയ പഞ്ചായത്തുകളിലും ഇവയിലൂടെ കണ്ടെത്തിയ പ്രവൃത്തികൾക്ക് നീരുറവ് പദ്ധതിയിൽ മുൻഗണന നൽകി നിർവഹിക്കുന്നുണ്ട്.

- 2012-13 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തി ‘ മഴവെള്ള സംഭരണം ഭൂജല പരിപോഷണം’ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് വ്യക്തിഗത കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നു. പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും അവരുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു.

- കാർബൺ തുലനത്തിലേയ്ക്ക് പടിപടിയായി എത്തിച്ചേരുന്നതിനുള്ള ശ്രമങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി “ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ” എന്ന ക്യാമ്പയിന് മിഷൻ രൂപം കൊടുത്തിട്ടുണ്ട്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന ക്യാമ്പയിൻ ഏറ്റെടുത്തിട്ടുള്ള സംസ്ഥാനത്തെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എമിഷൻ

ലഘൂകരണം, കാർബൺ സംഭരണം എന്നിവ ഉറപ്പാക്കുന്നതിനായി മാലിന്യ സംസ്കരണം, ജലസുരക്ഷ, ഊർജ്ജ സംരക്ഷണം, പച്ചത്തുരുത്ത് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളിൽ കാർബൺ എമിഷൻ കണക്കാക്കൽ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ജല ദുരുപയോഗവും ജല മലിനീകരണവും തടയുന്നതിനുതകുംവിധം ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(സി) ജലസംരക്ഷണവും ജലഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിനും മലിനീകരണം നിയന്ത്രിക്കുന്നതിനും ജലദുരുപയോഗം കുറയ്ക്കുന്നതിനും ജലസാക്ഷരത വർദ്ധിപ്പിക്കുംവിധമുള്ള നിരവധി അവബോധം കൊണ്ടുവരുന്നതിനുമുള്ള പരിപാടികൾ വിവിധ തലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വർഷവും ലോക ജലദിനത്തോടനുബന്ധിച്ച് സ്കൂളുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലും ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കാറുണ്ട്. ജലസേചനവകുപ്പ്, ഭൂജലവകുപ്പ്, വാട്ടർ

അതോറിറ്റി, ജലനിധി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, സന്നദ്ധസംഘടനകൾ, സാമൂഹിക/ സാംസ്കാരിക സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെയാണ് ഈ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്. കേരളീയം 2023 പരിപാടിയോടനുബന്ധിച്ചും ഇത്തരം ജലസാക്ഷരത പ്രദാനം ചെയ്യുന്ന നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ജല ദുരുപയോഗം തടയുന്നതിനും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനുമായി ആന്റി തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കുടിവെള്ളം ഉപയോഗിച്ച് വാഹനങ്ങൾ കഴുകുക, മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുക എന്നിവ തടയാനായി ബോധവൽക്കരണ പരിപാടികൾ സ്വീകരിച്ച് വരുന്നുണ്ട്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം വെളിവാക്കിക്കൊണ്ട് ചുമരെഴുത്തുകളും സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചാരണവും നടത്തുന്നുണ്ട്. കൂടാതെ ജല ജീവൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തുകളിലെ നിർവ്വഹണ സഹായ ഏജൻസിയുടെ സഹകരണത്തോടെ ബോധവൽകരണ ക്ലാസുകൾ, ജല സാക്ഷരത ക്ലാസുകൾ, ജലഗുണനിലവാര

പരിശോധനാ പരിശീലന ക്ലാസുകൾ, പരസ്യ പ്രചാരണങ്ങൾ,ചുവരെഴുത്തുകൾ, സെമിനാറുകൾ എന്നിവയും നടത്തിയിട്ടുണ്ട്.

ജല ദുരുപയോഗവും ഭൂജല മലിനീകരണവും തടയുന്നതിനും ഭൂജല സംരക്ഷണം, സംപോഷണം എന്നിവയിൽ ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി ഭൂജല നിയന്ത്രണവും ക്രമീകരണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബോധവൽക്കരണ സെമിനാറുകൾ നടത്തിവരുന്നുണ്ട്.

കനാൽ കമ്മിറ്റി മീറ്റിങ്ങുകളിൽ പങ്കെടുക്കുന്ന ജനപ്രതിനിധികളോടും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളോടും ജല മലിനീകരണം തടയുന്നതിനും ജലം ദുരുപയോഗം ചെയ്യാതിരിക്കാനുമുള്ള നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. മാത്രമല്ല ജല ദുരുപയോഗം തടയുന്നതിന് ജലവിതരണ സമയത്ത് സ്പൗട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന്റെ ആവശ്യകതയും ജനങ്ങളെ ബോധ്യപ്പെടുത്താറുണ്ട്. കനാലിന്റെ പല സ്ഥലങ്ങളിലും ജല മലിനീകരണം തടയുന്നതിന് 'മാലിന്യം നിക്ഷേപിക്കരുത് എന്ന പരസ്യ ബോർഡുകൾ സ്ഥാപിക്കുകയും, കനാലിലൂടെ ഒഴുകിയെത്തി നെറ്റുകളിൽ അടിയുന്ന മാലിന്യങ്ങൾ കനാലിൽ നിന്ന് നീക്കം ചെയ്യുകയും ജല മലീനകരണത്തിന് കാരണമാകുന്ന സാഹചര്യങ്ങൾ

കണ്ടെത്തുന്ന പക്ഷം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ആയത് ജനങ്ങൾക്കിടയിൽ കനാൽ ജല മലീനീകരണത്തിനെതിരെ ഒരവബോധം ഉണ്ടാക്കുന്നതിന് സഹായകരമാകുന്നു.

ജല മലിനീകരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനഃരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കിയിട്ടുണ്ട്.

ജലനിധി ശുദ്ധജല വിതരണ ശുചിത്വ പദ്ധതികൾ നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിലും സമീപ പ്രദേശങ്ങളിലുംകൂടി ജല ദുരുപയോഗം, ജല മലിനീകരണം തടയുക എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി കുടിവെള്ള ഗുണഭോക്തൃ സമിതികളെയും ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തലത്തിൽ

ജലശ്രീ ക്ലബുകൾ രൂപീകരിച്ച് കുട്ടികളിലും മാതാപിതാക്കളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇത്തരം പരിപാടികളിലൂടെ ജലത്തിന്റെ മൂല്യത്തെക്കുറിച്ചും ദുരുപയോഗം തടയുന്നതിനെക്കുറിച്ചും മലിനീകരണ സാധ്യതകൾ ഇല്ലാതാക്കുന്നതിനെക്കുറിച്ചും റോഡ് ഷോകൾ, കിറ്റിഷോ, ശില്പശാലകൾ, ഉപന്യാസ മത്സരങ്ങൾ, ഷോർട്ട് ഫിലിം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. " ജല സമൃദ്ധി" എന്ന പേരിലുള്ള ഒരു പ്രത്യേക പരിപാടി ജനങ്ങളിൽ ജല സംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജല ദുരുപയോഗം, ജല മലിനീകരണം എന്നിവ തടയുന്നതിനും അവബോധം ഉണ്ടാക്കുന്നതിനും വേണ്ടി പ്രാദേശിക ഭാഷയിൽ കമ്മ്യൂണിറ്റി റേഡിയോ വഴി അതത് സ്ഥലങ്ങളിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്. ജലനിധി പദ്ധതിയുടെയും ജലജീവൻ മിഷൻ പദ്ധതിയുടെയും ഭാഗമായി കുടുംബശ്രീ അംഗങ്ങൾ, യൂത്ത് ക്ലബുകൾ, ജലശ്രീ ക്ലബുകൾ, മറ്റു സാമൂഹിക സമിതികൾ എന്നിവർവഴി ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് ജലഗുണനിലവാരം പരിശോധിച്ചിട്ടുണ്ട്. ഇത് മുഖേന ലഭിക്കുന്ന ജല

മലിനീകരണതോത് സംബന്ധിച്ച വിവരം ജനങ്ങളെയും ഗുണഭോക്തൃ സമിതി അംഗങ്ങളെയും അറിയിക്കുകയും ആവശ്യമായ ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 43 ലാബുകൾ പ്രവർത്തന സജ്ജമാകുകയും ചെയ്തു. രണ്ടു പദ്ധതികളുടേയും ഭാഗമായി സംസ്ഥാനത്താകെ നിലവിൽ 234 ലാബുകൾ പ്രവർത്തന സജ്ജമാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കേരളത്തിലെ ഏറ്റവും വലിയ ജലസ്രോതസ്സുകളിൽ ഒന്നാണ് ഡാമുകൾ. പല അംഗങ്ങളും ഈ വിഷയം

ചോദിച്ചിട്ടുണ്ട്, പാലക്കാട് ജില്ലയിലെ വാളയാർ, ചുള്ളിയാർ ഡാമുകളിലെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു, ഇപ്പോഴും മണ്ണ് വിൽക്കാതെ കിടക്കുകയാണ്. അതുപോലെതന്നെ പാലക്കാട് ജില്ലയിൽ 45000-ഓളം കുളങ്ങളുണ്ട്. ചിറ്റൂർ ഏരിയയിലെ കമ്പാലത്തറ പ്രദേശത്ത് 5 കോടി രൂപയുടെ മണ്ണ് മാറ്റൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, 7 കോടി രൂപ സർക്കാർ വരുമാനമുണ്ടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ജലസ്രോതസ്സുകളിൽ പരമാവധി വെള്ളം ശേഖരക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, തീർച്ചയായും ആ കാര്യത്തിൽ അനുയോജ്യമായ നടപടി സ്വീകരിക്കാം. ഡാമുകളിൽ ജലസംഭരണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നതിന് അനുസരിച്ച് ചെയ്യണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഒരേസമയം വരൾച്ചയും വെള്ളപ്പൊക്കവും നാം നേരിടുകയാണ്. എന്നാൽ കുടിവെള്ളത്തിന് ഉൾപ്പെടെ വലിയ പ്രതിസന്ധി നേരിടുകയുമാണ്. അത്തരം വിഷയത്തെ സംബന്ധിച്ച്

ശാസ്ത്രീയമായ പഠനം നടത്തി ജലം സംഭരിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇതിന്റെ ഭാഗമായി ഗ്രൗണ്ട് വാട്ടർ ലെവൽ താഴ്ന്നുപോകുന്നുണ്ട്, അത് കുറയുന്നുവെന്ന ഒരു പഠനമാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ശാസ്ത്രീയമായ പഠനം ആവശ്യമുണ്ട്. ജല ബഡ്ജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം 227 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ളവ നടന്നുവരുന്നു. ലഭ്യമാകുന്ന ജലത്തിന്റെ അളവും വിനിയോഗ സാധ്യതയുംകൂടി പരിശോധിച്ച് മുന്നേറേണ്ട സ്ഥിതിയാണ് ഇന്ന് സംസ്ഥാനത്തുള്ളത്. അതുകൊണ്ട് ഏറ്റവും സൂക്ഷ്മമായി ഇത്തരം കാര്യങ്ങൾ പരിശോധിക്കേണ്ട ഘട്ടത്തിലൂടെ പോകുമ്പോൾ വളരെ ജാഗ്രതയോടെ ഇരിക്കേണ്ട ഒരു സമയമാണ്. ഇക്കാര്യങ്ങളിൽ അതിതീവ്രമായ ജാഗ്രത നമ്മൾ എല്ലാവരും ഒരുമിച്ച് നൽകേണ്ടതുണ്ട്.

മി. സ്പീക്കർ: ഓർഡർ...ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)